March 2016
Vol. 13 - Issue 03
Published on
2nd March, 2016

Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/06/16-18
RNI Reg. No. KERMAL / 2004 / 12496
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
മാർച്ച് 2016
ലക്കം 03



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 3
Month : March 2016




## ഈ ലക്കത്തിൽ


| | |
|---|---|
| നോമ്പുകാലസന്ദേശം | 05 |
| നോമ്പ് ഫലദായകമാക്കാം | 12 |
| രൂപതക്കച്ചേരി | 19 |
| മൈനർ സെമിനാരി | 22 |
| ക്രിസ്തുജ്യോതി | 23 |
| വിദ്യാഭ്യാസം | 25 |
| സാമൂഹ്യസേവനം | 29 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പ മിഷൻലീഗ് | 35 |
| കെ.സി.എസ്.എൽ. | 36 |
| ജീസസ് യൂത്ത് | 37 |
| കെ.സി.വൈ.എം. | 38 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 40 |
| കുടുംബ പ്രേഷിതത്വം | 41 |
| മാതൃവേദി | 42 |
| പ്രാർത്ഥനാഗ്രൂപ്പ് | 42 |
| കുടുംബക്കൂട്ടായ്മ | 44 |
| കത്തോലിക്കാ കോൺഗ്രസ് | 44 |
| കേരള ലേബർ മൂവ്മെന്റ് | 45 |
| ആത്മജ്യോതിയിലെ പരിപാടികൾ | 47 |
| അറിയിപ്പുകൾ | 47 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 50 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 51 |



*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Fr. Joseph Karikkoottathil

*Website & e-mail*

www.idukkidiocese.org
curiaidukkidiocese@gmail.com


*"അവിടുന്നു തന്റെ കോപം എന്നേക്കുമായി വച്ചു പുലർത്തുന്നില്ല; എന്തെന്നാൽ, അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു."*

(മിക്കാ 7:18)

## ഓർമ്മിക്കാൻ

### മാർച്ചിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | ഇടുക്കി രൂപതയുടെ സ്ഥാപക ദിനവും അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേക വാർഷികവും. |
| 05 | : | 13 മണി ആരാധന, സെന്റ് ജൂഡ് ചർച്ച് അടിമാലി |
| | : | വാഴത്തോപ്പ് മേഖല ഏകദിന കൺവൻഷൻ, മാതൃവേദി |
| 06-10 | : | ക്യാൻസർ രോഗികൾക്കുള്ള ധ്യാനം, ആത്മജ്യോതി അടിമാലി |
| 12 | : | ബിരുദ ദാന സമ്മേളനം, ആത്മജ്യോതി അടിമാലി |
| | : | 13 മണി ആരാധന, ദൈവമാതാ ചർച്ച് രാജകുമാരി |
| | : | പിഡാസഹനയാത്ര എഴുകുംവയൽ, കെ.സി.വൈ.എം. |
| | : | കുഞ്ചിത്തണ്ണി മേഖല ഏകദിന കൺവൻഷൻ, മാതൃവേദി |
| | : | കെ.എൽ.എം. ജനറൽബോഡി യോഗം, കരിമ്പൻ |
| 12-13 | : | തിയോളജി കോഴ്സ്, ആത്മജ്യോതി അടിമാലി |
| 14-16 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 16-20 | : | അടിമാലി ബൈബിൾ കൺവൻഷൻ |
| 18 | : | ജറുസലെമിലെ വി. സിറിൽ |
| 19 | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 20-24 | : | എഫ്ഫാത്താ വളർച്ചാധ്യാനം, ആത്മജ്യോതി അടിമാലി |
| 24 | : | പെസഹാവ്യാഴം |
| 25 | : | പീഡാനുഭവവെള്ളി, മംഗലവാർത്തത്തിരുനാൾ |
| 26 | : | വലിയ ശനി |
| 27 | : | ഉയിർപ്പ് തിരുനാൾ, ഉയിർപ്പുകാലം ആരംഭിക്കുന്നു. |
| 28-30 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 30 | : | പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |

## C. 6. ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശം - 2016

*കരുണയാണ് ബലിയല്ല ഞാൻ ആഗ്രഹിക്കുന്നത് (മത്താ 9:13)*

### 1. സുവിശേഷവത്കരിക്കുന്ന സഭയുടെ പ്രതിബിംബമായ മറിയം

''ഈ ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവത്തിന്റെ കാരുണ്യം ആഘോഷിക്കാനും അനുഭവിക്കാനുമുള്ള പ്രത്യേക നിമിഷമായി കൂടുതൽ തീവ്രതയോടെ ജീവിക്കണ''മെന്ന് കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയെ സംബന്ധിച്ച കല്പനയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു (കരുണയുടെ മുഖം 17). ദൈവവചനം കൂടുതൽ ശ്രദ്ധയോടെ ശ്രവിക്കാനും 24 മണിക്കൂറും കർത്താവിനുവേണ്ടി ജീവിക്കാനും, പ്രത്യേകിച്ച് അവിടുത്തെ പ്രവാചക വചനത്തെ പ്രാർത്ഥനാപൂർവം ശ്രവിക്കേണ്ടതിനെപ്പറ്റി ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിച്ചു. ദൈവകാരുണ്യം ലോകത്തോടുള്ള ഒരു പ്രഘോഷണമാണ്. അത് ഓരോ ക്രൈസ്തവനും അനുഭവിക്കാനുള്ള പ്രഘോഷണം തന്നെ. ഇക്കാരണത്താൽ നോമ്പുകാലത്ത് കാരുണ്യത്തിന്റെ മിഷണറിമാരെ ഞാൻ അയയ്ക്കും. ദൈവത്തിന്റെ ഉറ്റബന്ധത്തെയും ക്ഷമയെയും സംബന്ധിച്ച് ഓരോ വ്യക്തിക്കുമുള്ള വസ്തുനിഷ്ഠമായ അടയാളമെന്ന നിലയിലാണ് അവരെ അയയ്ക്കുന്നത്.

മുഖ്യദൂതനായ ഗബ്രിയേലിൽ നിന്ന് സദ്വാർത്ത ശ്രവിച്ചതിനുശേഷം ദൈവം തന്നെ കാരുണ്യപൂർവം തിരഞ്ഞെടുത്തതിനെ സംബന്ധിച്ച് മറിയം മഹത്ത്വകീർത്തനത്തിൽ പാടുന്നു. ജോസഫുമായി വിവാഹവാഗ്ദാനം നടത്തിയിരുന്ന നസ്രസിലെ കന്യക അങ്ങനെ, സുവിശേഷവത്കരിക്കുന്ന സഭയുടെ പൂർണതയുള്ള ഐക്കൺ ആയിത്തീരുന്നു. എന്തെന്നാൽ കന്യാത്വപരമായ തന്റെ ഉദരത്തെ ഫലപൂർണമാക്കിയ പരിശുദ്ധാത്മാവിനാൽ അവൾ സുവിശേഷവത്കരിക്കപ്പെട്ടു, സുവിശേഷവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രവാചകപാരമ്പര്യപ്രകാരം കരുണ മാതൃഗർഭത്തോട് (റഹാമിം) ഉറ്റബന്ധം പുലർത്തുന്നു. പദനിഷ്പതിയുടെ തലത്തിൽ



പോലും അങ്ങനെയാണ്. വിവാഹത്തിലും കുടുംബബന്ധങ്ങളിലും കാണിക്കുന്ന ഉദാരതയും വിശ്വസ്തതയും സഹാനുഭൂതിയുമുള്ള നന്മയോടും ആ പദം (ഹെസെദ്) ബന്ധപ്പെട്ടിരിക്കുന്നു.

### 2. മനുഷ്യവംശവുമായുള്ള ഉടമ്പടി: കാരുണ്യത്തിന്റെ ചരിത്രം

ദൈവിക കാരുണ്യമെന്ന രഹസ്യം ദൈവവും തന്റെ ജനമായ ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ ചരിത്രത്തിൽ വെളിവാക്കപ്പെട്ടിട്ടുണ്ട്. ദൈവം കരുണയിൽ നിത്യസമ്പന്നനായി സ്വയം വെളിപ്പെടുത്തുന്നു. അവിശ്വസ്തത ഉടമ്പടി തകർക്കുന്ന ദുരന്തപരമായ നിമിഷങ്ങളിൽ അവിടുന്നു അഗാധമായ വാത്സല്യത്തോടും സഹതാപത്തോടും കൂടി തന്റെ ജനതയോടു പെരുമാറുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉടമ്പടി നീതിയിലും സത്യത്തിലും കൂടുതൽ ദൃഢതയോടെ സ്ഥിരീകരിക്കപ്പെടേണ്ടി വന്നു. ഇവിടെ ഒരു യഥാർത്ഥ പ്രണയകഥയാണുള്ളത്. ഒറ്റിക്കൊടുക്കപ്പെട്ട പിതാവിന്റെയും ഭർത്താവിന്റെയും ഭാഗം അതിൽ ദൈവം അഭിനയിക്കുന്നു. ഇസ്രായേലാകട്ടെ വിശ്വസ്തതയില്ലാത്ത സന്താനത്തിന്റെയും മണവാട്ടിയുടെയും ഭാഗം അഭിനയിക്കുന്നു. ഈ ഗാർഹിക പ്രതിബിംബങ്ങൾ ഹോസിയാ പ്രവാചകന്റെ കാര്യത്തിലെന്നപോലെ (cf ഹോസിയാ 1-2) ദൈവം തന്റെ ജനത്തോട് എത്രമാത്രം ഒട്ടിനില്ക്കാൻ ആഗ്രഹിക്കുന്നുവെന്നു കാണിക്കുന്നു.

ഈ പ്രണയകഥ ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ പൂർണതയിലെത്തുന്നു. ക്രിസ്തുവിൽ പിതാവ് തന്റെ അളവറ്റ കാരുണ്യം ചൊരിയുന്നു. ക്രിസ്തുവിനെ ''മനുഷ്യാവതാരം ചെയ്ത കാരുണ്യ'' (കാരുണ്യത്തിന്റെ മുഖം 8) മാക്കിത്തീർക്കുന്നതിനോളം കാരുണ്യം ചൊരിയുന്നു. നസ്രായനായ യേശു മനുഷ്യനെന്ന നിലയിൽ യഥാർത്ഥ ഇസ്രായേൽ പുത്രനാണ്. ഓരോ യഹൂദനോടും ഷേമാ ആവശ്യപ്പെടുന്ന പരിപൂർണമായ ശ്രവണത്തിന്റെ മൂർത്തീഭാവമാണ്. അത് ഇന്നും ഇസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ കേന്ദ്രമാണ്: ''ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ

കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം'' (നിയാ 6:4-5). ദൈവപുത്രനെന്ന നിലയിൽ അവിടന്ന് തന്റെ മണവാട്ടിയുടെ സ്നേഹം നേടാൻ എല്ലാ കാര്യവും ചെയ്യുന്ന മണവാളനാണ്. വ്യവസ്ഥകൾക്ക് അതീതമായ സ്നേഹത്താൽ അവിടന്ന് അവളോട് ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ സ്നേഹം ശാശ്വത വിവാഹോത്സവത്തിൽ ദൃശ്യമായിത്തീരുന്നു.

അപ്പസ്തോലിക പ്രഘോഷണത്തിന്റെ കേന്ദ്രം ഇതാണ്. അതിൽ ദൈവിക കാരുണ്യം മൗലികമായ കേന്ദ്രസ്ഥാനം വഹിക്കുന്നു. ''മരിച്ച് മൃതരിൽ നിന്ന് ഉത്ഥാനം ചെയ്ത യേശു ക്രിസ്തുവിൽ ദൈവത്തിനുള്ള രക്ഷാകരസ്നേഹത്തിന്റെ സൗന്ദര്യമാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്'' (സുവിശേഷത്തിന്റെ സന്തോഷം 36). അതാണ് പ്രഥമ പ്രഘോഷണം. അത് ''വ്യത്യസ്ത രീതികളിൽ വീണ്ടും വീണ്ടും കേൾക്കണം. അത് ഓരോ തലത്തിലും നിമിഷത്തിലും മതബോധനപ്രക്രിയയിലുടനീളം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അറിയിക്കണം'' (No. 164) ''ഓരോ പാപിയിലേക്കും എത്തിച്ചേരുന്നതിനു ദൈവത്തിനുള്ള രീതിയെ കാരുണ്യം പ്രകാശിപ്പിക്കുന്നു. തന്നിലേക്കു തന്നെ തിരിഞ്ഞു നോക്കാനും മാനസാന്തരപ്പെട്ട് വിശ്വസിക്കാനുമുള്ള പുതിയൊരു അവസരം അതു നല്കുന്നു'' (കാരുണ്യത്തിന്റെ മുഖം 21). അങ്ങനെ അവിടുത്തോടുള്ള ബന്ധം അത് പുനഃസ്ഥാപിക്കുന്നു. ദൈവം ക്രൂശിതനായ യേശുവിൽ, പാപികളുടെയടുത്തേക്കു വരാനുള്ള ദൈവത്തിന്റെ ആഗ്രഹം ദൈവം വ്യക്തമാക്കുന്നു. പാപികൾ തന്നിൽ നിന്നു എത്രമാത്രം അകന്നുപോയാലും ദൈവം തന്റെ ആഗ്രഹം വ്യക്തമാക്കുന്നു.

**3. കാരുണ്യത്തിന്റെ പ്രവൃത്തികൾ**

ദൈവത്തിന്റെ കാരുണ്യം മനുഷ്യഹൃദയങ്ങളെ പരിവർത്തനം ചെയ്യിക്കുന്നു. വിശ്വസ്തസ്നേഹത്തിന്റെ അനുഭവത്തി



ലൂടെ കരുണയുള്ളവരായിത്തീരാൻ അത് നമ്മെ ശക്തരാക്കുന്നു. നിത്യനൂതനമായ അത്ഭുതകൃത്യത്തിലൂടെ ദൈവകാരുണ്യം നമ്മുടെ ജീവിതത്തിൽ പ്രകാശിപ്പിക്കുന്നു. അയൽക്കാരെ സ്നേഹിക്കാനും കാരുണ്യത്തിന്റെ ആത്മീയവും ശാരീരികവുമായ പ്രവൃത്തികളെന്നു സഭയുടെ പാരമ്പര്യം വിളിക്കുന്ന പ്രവൃത്തികൾക്കായി സ്വയം സമർപ്പിക്കാനും അത് നമ്മിൽ ഓരോരുത്തരെയും പ്രചോദിപ്പിക്കുന്നു. ആ പ്രവൃത്തികൾ നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. അതായത് നമ്മുടെ അയൽക്കാർക്കുവേണ്ടിയുള്ള ശാരീരികവും ആത്മീയവുമായ സഹായം നല്കുന്ന വസ്തുനിഷ്ഠമായ അനുദിന പ്രവൃത്തികളിലൂടെയാണ് വിശ്വാസം പ്രകടിപ്പിക്കപ്പെടുന്നതെന്ന് അവ ഓർമ്മിപ്പിക്കുന്നു. അയൽക്കാർക്ക് ഭക്ഷണം നല്കി പോഷിപ്പിച്ചുകൊണ്ടും, അവരെ സന്ദർശിച്ചുകൊണ്ടും അവരെ പഠിപ്പിച്ചുകൊണ്ടും തന്നെ. അക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നാം വിധിക്കപ്പെടും. ഇക്കാരണത്താൽ ഞാൻ ഇപ്രകാരം എന്റെ ആഗ്രഹം പ്രകടിപ്പിച്ചു: ''ക്രൈസ്തവ ജനം ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികളെക്കുറിച്ച് വിചിന്തനം ചെയ്യണം. അത് നമ്മുടെ മനസ്സാക്ഷിയെ തട്ടിയുണർത്താനുള്ള ഒരു മാർഗമായിരിക്കും. ദാരിദ്ര്യത്തിന്റെ മുമ്പിൽ മിക്കപ്പോഴും മരവിച്ചുപോകുന്ന മനസ്സാക്ഷിയെത്തന്നെ. ദൈവകാരുണ്യത്തിന്റെ സവിശേഷാനുഭവമുള്ള സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാനും അതൊരു മാർഗമാണ്'' (No.15). എന്തെന്നാൽ ദരിദ്രരുടെയും പീഡിതരുടെയും ഞെരുക്കപ്പെട്ടവരുടെയും മർദിക്കപ്പെട്ടവരുടെയും പോഷണം ലഭിക്കാത്തവരുടെയും നാടുകടത്തപ്പെട്ടവരുടെയും ശരീരത്തിൽ യേശുവിന്റെ ശരീരം ദൃശ്യമാകുന്നു. നാം അവരെ അംഗീകരിക്കുകയും സ്പർശിക്കുകയും സംരക്ഷിക്കുകയും വേണം. നിഷ്കളങ്കനായ കുഞ്ഞാടിനുണ്ടായ സഹനം കാലത്തിൽ വ്യാപിക്കുന്ന അപൂർവവും ഉതപ്പുണ്ടാക്കുന്നതുമായ രഹസ്യമാണത്. സൗജന്യസ്നേഹത്തിന്റെ കത്തുന്ന മുൾപ്പടർപ്പാണ് ആ കുഞ്ഞാട്. ഈ സ്നേഹത്തിനു മുമ്പിൽ മോശയെപ്പോലെ നമ്മുടെ ചെരിപ്പുകൾ അഴിച്ചു

മാറ്റാം (cf പുറ 3:5), പ്രത്യേകിച്ച് വിശ്വാസത്തിനുവേണ്ടി സഹിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരാണ് ആ ദരിദ്രരെങ്കിൽ അപ്രകാരം ചെയ്യണം.

മരണത്തെക്കാൾ ശക്തമായ ഈ സ്നേഹത്തിന്റെ വെളിച്ചത്തിൽ (cf ഉത്തമ 8:6) തങ്ങൾ ആരാണെന്നു തിരിച്ചറിയാൻ മനസ്സില്ലാത്തവരാണ് യഥാർത്ഥ ദരിദ്രരെന്ന് വ്യക്തമാകുന്നു. തങ്ങൾ സമ്പന്നരാണെന്ന് അവർ കരുതുന്നു. എന്നാൽ അവർ ദരിദ്രരിൽ ഏറ്റവും ദരിദ്രരാണ്. അവർ പാപത്തിന്റെ അടിമകളായതുകൊണ്ടുതന്നെ. ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി സേവനം ചെയ്യാൻ സമ്പത്തും അധികാരവും ഉപയോഗിക്കാതിരിക്കാൻ പാപം അവരെ പ്രേരിപ്പിക്കുന്നു. തങ്ങളും ദരിദ്രരിൽ ദരിദ്രരാണെന്ന അഗാധമായ ബോധത്തിൽ ഹൃദയങ്ങളെ മരവിപ്പിക്കാനാണ് പാപം അവരെ പ്രേരിപ്പിക്കുന്നത്. സമ്പത്തും അധികാരവും വർധിക്കുന്നതനുസരിച്ച് അന്ധതയും വഞ്ചനയും വർധിക്കുന്നു. വീട്ടുപടിക്കൽ യാചിച്ചുകൊണ്ടിരിക്കുന്ന ലാസറിനെ കാണാൻ കഴിയാതിരിക്കുന്നതുവരെ അതു വർധിക്കുന്നു. ദരിദ്രനായ ലാസർ ക്രിസ്തുവിന്റെ പ്രതീകമാണ്. അവിടുന്ന് നമ്മുടെ മാനസാന്തരത്തിനായി ദരിദ്രരിലൂടെ യാചിക്കുന്നു. ദൈവം നമുക്കു നല്കുന്ന മാനസാന്തര സാധ്യതയുടെ പ്രതീകമാണവിടുന്ന്. അതു കാണുന്നതിൽ നാം പരാജയപ്പെടുന്നു. അത്തരം അന്ധത മിക്കപ്പോഴും നമ്മുടെ സർവശക്തിയെക്കുറിച്ചുള്ള മിഥ്യാധാരണയോടൊപ്പമുള്ളതാകാം. ''നീ ദൈവത്തെപ്പോലെയാകും'' (ഉത്പ 3:5) എന്ന പൈശാചിക പ്രേരണയെ അതു പ്രതിഫലിപ്പിക്കുന്നു. അതാകട്ടെ എല്ലാ പാപങ്ങളുടെയും വേരാണ്. ഈ മിഥ്യാധാരണ സാമൂഹികവും രാഷ്ട്രീയവുമായ രൂപങ്ങളിൽ പ്രത്യക്ഷപ്പെടാം. ഇരുപതാം നൂറ്റാണ്ടിലെ സ്വേഛാധിപത്യ സമ്പ്രദായങ്ങളിലും നമ്മുടെ കാലഘട്ടത്തിൽ ചിന്തയെയും സാങ്കേതിക വിദ്യകളെയും കുത്തകയാക്കുന്ന പ്രത്യയശാസ്ത്രങ്ങളിലും കാണപ്പെട്ടതുപോലെ തന്നെ. അവ ദൈവത്തെ അപ്രസക്തനാക്കുകയും മനുഷ്യരെ ചൂഷണം ചെയ്യപ്പെടേണ്ട അസംസ്കൃതവസ്തുക്കളാക്കുകയും



ചെയ്യുന്നു. പണമാകുന്ന വിഗ്രഹത്തെ ആരാധിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മിഥ്യയായ വികസനമാതൃകയോടു ബന്ധപ്പെട്ട പാപകരമായ വ്യവസ്ഥിതികളിലും ഈ മിഥ്യാധാരണ കാണാവുന്നതാണ്. കൂടുതൽ സമ്പന്നരായ വ്യക്തികളും സമൂഹങ്ങളും ദരിദ്രരുടെ ദുരവസ്ഥയോടു പരിഗണന കാണിക്കാത്ത അവസ്ഥയിലേക്ക് അതു നയിക്കുന്നു. ദരിദ്രരെ കാണുകപോലും ചെയ്യാതിരിക്കാൻവേണ്ടി അവർ കതകടയ്ക്കുന്നു.

അതുകൊണ്ട് ഈ ജൂബിലിവർഷത്തിലെ നോമ്പുകാലം അസ്ഥിത്വപരമായ നമ്മുടെ ഒറ്റപ്പെടലിനെ കീഴടക്കാൻ ഉചിതമായ അവസരമാണ് നമുക്കെല്ലാവർക്കും നല്കുന്നത്. ദൈവവചനശ്രവണംകൊണ്ടും കാരുണ്യപ്രവൃത്തികൾകൊണ്ടും നമുക്ക് ആ ഒറ്റപ്പെടലിനെ കീഴടക്കാം. പോഷിപ്പിക്കപ്പെടേണ്ടവരും ഉടുപ്പിക്കപ്പെടേണ്ടവരും സന്ദർശിക്കപ്പെടേണ്ടവരുമായ നമ്മുടെ സഹോദരീസഹോദരന്മാരിൽ ശാരീരിക കാരുണ്യപ്രവൃത്തികളിലൂടെ ക്രിസ്തുവിന്റെ ശരീരത്തെ നമുക്കു സ്പർശിക്കാം. ഉപദേശം, പഠിപ്പിക്കൽ, ക്ഷമിക്കൽ, മുന്നറിയിപ്പു നല്കൽ, പ്രാർത്ഥന എന്നിങ്ങനെയുള്ള ആത്മീയ കാരുണ്യപ്രവൃത്തികളിലൂടെ നമ്മുടെ പാപാവസ്ഥയെ നമുക്കു കൂടുതൽ നേരിട്ടു സ്പർശിക്കാം. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികളെ ഒരിക്കലും വേർതിരിക്കരുത്. ക്രൂശിതനായ സഹിക്കുന്ന യേശുവിനെ സ്പർശിക്കുന്നതുവഴി പാപികൾക്കു ഒരു ദാനം സ്വീകരിക്കാനാവും. തങ്ങൾത്തന്നെയും ദരിദ്രരും ആവശ്യത്തിൽപ്പെട്ടവരുമാണെന്ന തിരിച്ചറിവാണ് ആ ദാനം. ഈ മാർഗത്തിലൂടെ സഞ്ചരിച്ചാൽ മഹത്ത്വകീർത്തനത്തിൽ ''അഹങ്കാരികൾ'', ''ശക്തന്മാർ'', ''സമ്പന്നൻ'' എന്നിങ്ങനെ വിവരിക്കപ്പെടുന്നവരും ക്രൂശിതനായ ക്രിസ്തുവിനാൽ ആശ്ലേഷിക്കപ്പെടുകയും, അവർ അയോഗ്യരാണെങ്കിലും സ്നേഹിക്കപ്പെടുകയും ചെയ്യും. അവിടന്ന് അവർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവല്ലോ. ജ്ഞാനം, അധികാരം, സമ്പത്ത് എന്നീ വിഗ്രഹങ്ങൾകൊണ്ടു തൃപ്തിപ്പെടുത്താനാവുമെന്ന് നാം ചിന്തിക്കുന്ന അനന്ത സൗഭാഗ്യത്തിനും സ്നേഹത്തിനും വേ

ണ്ടിയുള്ള തീവ്രാഭിലാഷത്തിനുള്ള മറുപടി ഈ സ്നേഹം മാത്രമാണ്. എന്നാലും എപ്പോഴും ഒരു അപകടമുണ്ട് - ദരിദ്രരിലൂടെ വാതിലിൽ മുട്ടുന്ന യേശുക്രിസ്തുവിന് ഹൃദയവാതിലുകൾ തുറന്നുകൊടുക്കാതെ നിരന്തരം നിരസിക്കുന്ന അഹങ്കാരികളും സമ്പന്നരും ശക്തരും സ്വയം ശപിക്കുന്നതിലേക്കും ഏകാന്തതയുടെ ശാശ്വത ഗർത്തത്തിലേക്ക് വീഴുന്നതുമായ അപകടം. അതുതന്നെയാണു നരകം. ''അവർക്കു മോശയും പ്രവാചകരുമുണ്ടല്ലോ, അവർ അവനെ കേൾക്കട്ടെ'' (cf ലൂക്കാ 16:29) എന്നിങ്ങനെയുള്ള അബ്രാഹത്തിന്റെ രൂക്ഷതയുള്ള വാക്കുകൾ അവരെയും നമ്മെയും ബാധിക്കും. മരണത്തിന്റെയും പാപത്തിന്റെയും മേൽ ദിവ്യമണവാളൻ നേടിയ അന്തിമ വിജയം ആഘോഷിക്കാൻ ഇത്തരത്തിലുള്ള ശ്രദ്ധാപൂർവകമായ കേൾക്കൽ നമ്മെ ഏറ്റവും ഉചിതമായ രീതിയിൽ സജ്ജീകൃതരാക്കും. ആ മണവാളൻ ഇപ്പോൾ ഉത്ഥിതനാണ്. തന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷയിൽ തന്നോട് ഉടമ്പടി ചെയ്തവരെ വിശുദ്ധീകരിക്കാൻ ആ മണവാളൻ ആഗ്രഹിക്കുന്നു.

ഈ നോമ്പുകാലം നമുക്കു നഷ്ടപ്പെടുത്താതിരിക്കാം. മാനസാന്തരപ്പെടാൻ ഏറെ അനുകൂലമായ കാലഘട്ടമാണിത്. കന്യകാമറിയത്തിന്റെ മാതൃത്വപരമായ മധ്യസ്ഥതയിലൂടെ നമുക്ക് ഇത് യാചിക്കാം. തന്റെ മേൽ സൗജന്യമായി ചൊരിയപ്പെട്ട ദൈവിക കാരുണ്യത്തിന്റെ മഹത്ത്വത്തെ കണ്ടുമുട്ടിയപ്പോൾ അവൾ സ്വന്തം വിനീതാവസ്ഥ അംഗീകരിക്കുന്നതിൽ പ്രഥമസ്ഥാനത്തു നിന്നു (cf ലൂക്കാ 1:48). കർത്താവിന്റെ എളിയദാസിയെന്നു തന്നെത്തന്നെ വിളിക്കുകയും ചെയ്തു.

**ഫ്രാൻസിസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2015,
വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ ദിനം



## C. 7. ഉപവി പ്രവർത്തനങ്ങളിലൂടെ നോമ്പ് ഫലദായകമാക്കാം

മിശിഹായിൽ പ്രിയ സഹോദരീ, സഹോദരന്മാരെ,

ബനഡിക്ട് പതിനാറാമൻ പാപ്പ സഭയുടെ മൂന്ന് കടമകളായി അവതരിപ്പിക്കുന്നത് വചന പ്രഘോഷണം( kerygma), കൂദാശകളുടെ പരികർമ്മം (Leitourgia) ഉപവി പ്രവർത്തനം( diakonia) ഇവയാണ് (സത്യത്തിൽ സ്നേഹം-25).ആദ്യ രണ്ട് കടമകളുടേയുംനിർവ്വഹണ ഫലമാണ് ഉപവിയുടെ പ്രവർത്തനങ്ങൾ. ഇത് സഭയുടെ സ്വഭാവം തന്നെയാണ്. ഈ യാഥാർത്ഥ്യത്തിന് ഊന്നൽ നൽകിതന്നെയാണ് ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നതും. ഉപവി പ്രവർത്തനങ്ങളെല്ലാം കരുണയെ വെളിപ്പെടുത്തുന്നവയാണ്. നാം ദൈവത്തിൽനിന്നും കാരുണ്യം സ്വീകരിച്ചവരായതിനാൽ കാരുണ്യത്തിന്റെ ഉപകരണങ്ങളായിരിക്കണമെന്നും അപാരമായ ഔദാര്യത്തോടെ ദൈവം തന്റെ നന്മ നമ്മുടെമേൽ ചൊരിയും എന്നറിഞ്ഞുകൊണ്ട് മറ്റുള്ളവരോട് ഉദാരരാകണമെന്നും പാപ്പ പഠിപ്പിക്കുന്നു. (കാരുണ്യത്തിന്റെ മുഖം14)

കരുണയിൽ അധിഷ്ഠിതമായ മനുഷ്യബന്ധം പ്രകാശിതമാകുന്നത് കാവൽ, കരുതൽ, സംരക്ഷണം, വളർത്തൽ എന്നിവയിലൂടെയാണ്. ഉള്ളും ഉള്ളതും പങ്കുവയ്ക്കാനുള്ള ദൗത്യം ഇവിടെയുണ്ട്. ദൈവം തന്നെയാണ് ഇവിടെ മനുഷ്യന് മാതൃക. ''നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെനിങ്ങളും കരുണയുള്ളവരായിരിക്കുവിൻ '' (ലൂക്ക 6/36) എന്ന ആഹ്വാനത്തിലൂടെദൈവീകസത്ത കരുണയാണെന്ന് പ്രഖ്യാപിക്കുന്നു. ''പിതാവായ ദൈവത്തിന്റെ മുൻപിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്. അനാഥരുടേയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക. ലോകത്തിന്റെ കളങ്കമേശാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക'' (യാക്കോബ് 1/27).

കരുണയുള്ളവരാകാൻ ദൈവവചനം ശ്രവിക്കുക, തീർത്ഥാടനം നടത്തുക, കാരുണ്യപ്രവൃത്തികൾ ചെയ്യുക,

അനുരഞ്ജനകൂദാശയിലേക്ക് മടങ്ങുക എന്നിങ്ങനെ നാല് മാർഗ്ഗങ്ങൾ ഫ്രാൻസീസ് മാർപാപ്പ അവതരിപ്പിക്കുന്നുണ്ട്. കണ്ണുകൾ തുറന്ന് ലോകത്തിന്റെ ദുരിതങ്ങളും ഉറ്റവരുടെ മുറിവുകളും കാണണം. സഹായത്തിനായുള്ള നിലവിളികൾ കേൾക്കണം. അപ്പോൾ നമ്മിൽ നിന്നും കാരുണ്യപ്രവർത്തികൾ പുറത്തുവരും.

ഇന്നത്തെ നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ തിന്മയാണ് നിസ്സംഗത. നല്ല സമരിയാക്കാരന്റെ ഉപമയിലെ പുരോഹിതനും, ലേവായനും സ്വന്തം കർത്തവ്യനിർവ്വഹണ വ്യഗ്രത മൂലവും, വഴിയോരത്ത് അർദ്ധപ്രാണനായി കിടക്കുന്നവനെ കണ്ടിട്ടും ഗൗനിക്കാതെ കടന്നുപോയത് നിസ്സംഗതയായിട്ടാണ് പരിഗണിക്കുന്നത്. 2016 ലെ ലോക സമാധാനദിനാചരണ സന്ദേശത്തിൽ, മനുഷ്യസമൂഹത്തിൽ ബാധിച്ചിരിക്കുന്ന നിസ്സംഗതയെ മാർപാപ്പ തുറന്നു കാണിക്കുന്നുണ്ട്. മനുഷ്യ കുടുംബത്തിനെതിരെയുള്ള ഏറ്റവും വലിയ ഭീഷണിയായി പാപ്പ അതിനെ കാണുന്നു. നിസ്സംഗതയുടെ ആഗോളവത്ക്കരണം തന്നെയാണ് നടക്കുന്നത്. ''സഹോദരന്റെ കാവൽക്കാരനാണോ ഞാൻ'' (ഉൽപത്തി 4/9) എന്ന കായേന്റെ ചോദ്യം സഹോദരനെപ്പറ്റി പുലർത്തുന്ന നിസ്സംഗതയുടെ ഉദാഹരണമാണ്. മറ്റുള്ളവരുടെ നേരെ ഹൃദയം അടയ്ക്കുന്നതാണ് നിസ്സംഗത.

ദൈവത്തെ സംബന്ധിച്ച നിസ്സംഗത, അയൽക്കാരനോടുള്ള നിസ്സംഗത, പരിസ്ഥിതിയോടുള്ള നിസ്സംഗത എന്നിങ്ങനെ മൂന്നു തരത്തിൽ നിസ്സംഗതയുണ്ടെന്ന് പാപ്പ പറയുന്നു. ഇവയെല്ലാം സ്വാർത്ഥത, സമർപ്പണരാഹിത്യം, താത്പര്യമില്ലായ്മ, ആദ്ധ്വാനരാഹിത്യം എന്നിവ മനുഷ്യനിൽ സൃഷ്ടിച്ചു. സഹിക്കുന്നവരുടെ വിലാപം കേൾക്കാതിരിക്കുവാൻ ചെവി പൊത്തി ആശ്വാസജീവിതം നയിക്കുന്നവരുടെ എണ്ണം കൂടി വരുന്നതിലുള്ള ആശങ്ക പാപ്പ ഇവിടെ പങ്കുവയ്ക്കുന്നു. മറ്റുള്ളവരെയും അവരുടെ പ്രശ്നങ്ങളെയും സംബന്ധിച്ച് സഹതപിക്കുവാൻ കഴിയുംവിധം നമ്മുടെ ഹൃദയം മൃദുലമാക്കണമെന്ന ഓർമ്മപ്പെടുത്തൽ ഇവിടെ കാണാം.

ലജ്ജാകരമായ നിസ്സംഗതയുടെ മതിൽ കെട്ടുകൾ തകർത്ത് കാരുണ്യത്തിന്റെയും ഉദാരതയുടേയും തെളിനീർപ്രവാഹം നമ്മുടെ



ജീവിതങ്ങളിൽ സജീവമാക്കുവാൻ ഈ നോമ്പുകാലത്ത് നാം ജാഗ്രത കാണിക്കണമെന്ന് നിങ്ങളെ അനുസ്മരിപ്പിക്കട്ടെ. നമ്മുടെ കരുതലും, സാമീപ്യവും, സഹായവും അർഹിക്കുന്ന അനേകം ആളുകൾ ഈ സമൂഹത്തിലുണ്ട്. അവരിലേയ്ക്ക് കാരുണ്യത്തിന്റെയും ഉപവിയുടേയും നീർച്ചാലുകൾ ഒഴുകണം. നമ്മുടെ രൂപതയുടെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വഴിയാണ് പൊതുവായ ഉപവി പ്രവർത്തനങ്ങൾ നാം ചെയ്യുന്നത്. ജനങ്ങളുടെ സമഗ്രമായ വികസനവും, അവരെക്കുറിച്ചുള്ള കരുതലും സംയോജിച്ചുള്ള നിരവധി പ്രവർത്തനങ്ങൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്. കുടിവെള്ള വിതരണത്തിനായുള്ള ജലനിധി പദ്ധതി, കാർഷിക വികസനം, പ്രകൃതിവിഭവ പരിപോഷണം, വരുമാന വർദ്ധനവ് ഇവ ലക്ഷ്യം വച്ചുള്ള നീർത്തടവികസന പദ്ധതികൾ, ഹരിതഗ്രാമം, ഹരിത സമൃദ്ധി, ഹരിത നിറവ്, സുസ്ഥിര ഗ്രാമവികസന പദ്ധതി, സീഡ് ബാങ്ക് പദ്ധതി തുടങ്ങിയവ സംസ്ഥാന ജലവിഭവ വകുപ്പ്, പ്ലാനിംഗ് ബോർഡ്, നബാർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയ വിവിധ സർക്കാർ ഏജൻസികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ജൈവകൃഷി വ്യാപനം, ജൈവ ഉത്പന്ന വിപണനം, സൗരോർജ്ജ വിളക്കുകളുടെ വിതരണം, ബയോഗ്യാസ് നിർമ്മാണം ഇവയും ഭംഗിയായി നടക്കുന്നു. ക്രെഡിറ്റ് യൂണിയൻ, ഫാം ഫ്രണ്ട്സ്, ഫാർമേഴ്സ് ക്ലബ്ബ് ഇവ കേന്ദ്രീകരിച്ചുള്ള വരുമാന വർദ്ധന പദ്ധതികളും, തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും, ആദിവാസി ക്ഷേമ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

ഉപവി പ്രവർത്തനങ്ങളുടെ ഭാഗമായി സേവ് എ ഫാമിലി സ്കീമിൽ 158 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം വിവിധ വരുമാന വർദ്ധന പദ്ധതികൾക്കായി 2415950 രൂപ ഈ കുടുംബങ്ങൾ പ്രയോജനപ്പെടുത്തി. ശാരീരിക മാനസിക ന്യൂനതയുള്ള 83 കുട്ടികൾക്ക് ലിലിയാനെ ഫൗണ്ടേഷൻ എന്ന ഏജൻസി വഴി 335000 രൂപ വിവിധ കാര്യങ്ങൾക്കായി സ്കോളർഷിപ്പ് നൽകിയിരുന്നു.

മറയൂർ കൂടയ്ക്കാട്ടുകുടി ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂളിൽ ഈ വർഷം 70 കുട്ടികൾക്ക് സൗജന്യ പ്രാഥമിക വിദ്യാഭ്യാസം നൽകിവരുന്നു.

നമ്മുടെ മേഖലയിൽ അപകടകരമായ നിലയിൽ വ്യാപി ച്ചിരിക്കുന്ന ക്യാൻസറിനെതിരെ വലിയൊരു ബോധവൽക്കരണ യജ്ഞം സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്. സ്കൂളുകൾ, സണ്ടേസ്കൂളു കൾ, സ്വാശ്രയസംഘങ്ങൾ ഇവ കേന്ദ്രീകരിച്ച് ക്യാൻസറിനെ തടയുവാനുള്ളഅവബോധം നൽകിവരുന്നു. പൊതുസമൂഹത്തിൽ ക്യാൻസറിന്റെ കാരണങ്ങൾ, നിയന്ത്രണ മാർഗ്ഗങ്ങൾ ഇവ ബോധ്യപ്പെടുത്തുന്നതിനായി ഒരു ലഘുചിത്രം തയ്യാറാക്കി ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ക്യാൻസർ രോഗികളുടെ ഒത്തുചേരൽ നടത്തി അവർക്ക് സൗജന്യ ചികിത്സാ സഹായങ്ങൾ കിട്ടുന്നതി നുള്ള സാദ്ധ്യതകൾ പങ്കുവച്ചുകൊടുത്തു. ക്യാൻസർ രോഗികൾ ക്കായി 4 ദിവസത്തെ സൗജന്യ ധ്യാനവും നടത്തി. സുരക്ഷിത ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1000 കുടുംബ ങ്ങൾക്ക് പച്ചക്കറി വിത്തുകളും തൈകളും നൽകി. കൂടാതെ ക്യാൻസർ രോഗികളെ സാമ്പത്തികമായും സഹായിച്ചിരുന്നു. ക്രെഡിറ്റ് യൂണിയൻ സ്വാശ്രയ സംഘങ്ങൾ വഴി സമാഹരിച്ച 6,63,920 രൂപയും, 42 പള്ളികളിൽനിന്നും ക്രിസ്തുമസ് കാലത്ത് സമാഹരിച്ച് നൽകിയ 1,76,000 രൂപയും ഉൾപ്പെടെ 8,39,920/- രൂപ ലഭിച്ചിരുന്നു. ഇതിൽ 6,48,000/- രൂപ 72 രോഗികൾക്ക് സഹായമായി നൽകി. ഷാർജ കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മലയാളി അസോസിയേഷൻ വഴി 2,75,000/- രൂപ 22 രോഗി കൾക്കായി നൽകിയിരുന്നു.

എല്ലാവർഷവും വലിയ നോമ്പിന്റെ അവസരത്തിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഉപവി പ്രവർത്തനങ്ങൾക്കായി ഇടവകകളിൽ നിന്നും ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച സമാഹരിക്കുന്ന കാര്യം നിങ്ങൾക്ക് അറിവുള്ളതാണല്ലൊ. 2015 ൽ പള്ളികളിൽനിന്നും 2,22,110/- രൂപയും സന്യാസ ഭവനങ്ങളിൽ നിന്നും 80,100/- രൂപയും



ലഭിച്ചിരുന്നു. ഇതിൽ നിന്നും ചികിത്സാകാര്യങ്ങൾക്കായി 89,300/- രൂപയും മറ്റ് സഹായങ്ങൾക്കായി 28,500/- രൂപയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് 10,000/- രൂപയും ചെന്നൈ ദുരിതാശ്വാസത്തിനായി 20,000/- രൂപയും സേവ് എ ഫാമിലി പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി 50,000/- രൂപയും ചിലവഴിച്ചു. ശാരീരിക മാനസിക ന്യൂനതകളുള്ളവരുടെ വരുമാന വർദ്ധന പദ്ധതിയ്ക്കായി 11,880/- രൂപയും നൽകിയിട്ടുണ്ട്.

പതിവുപോലെ ഈ നോമ്പുകാലത്തും ഉപവി പ്രവർത്തന ങ്ങൾക്കായി നിങ്ങളെല്ലാവരും ഉദാരതയോടെ പങ്കുവയ്ക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. പങ്കുവയ്ക്കൽ കരുണയുടെ വർഷത്തിൽ ചെയ്യാവുന്ന ഏറ്റവും നല്ല പ്രവൃത്തിയാണ്. അത് പാപത്തിന് പരിഹാരവും, അത്യുന്നതന് ഏറ്റവും സ്വീകാര്യമായ കാഴ്ച്ചയും, ദൈവാനുഗ്രഹങ്ങൾ വരുന്നതിനുള്ള വഴിയുമാണെന്നും വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ആയതിനാൽ ഈ വർഷത്തെ ഓശാന ഞായറാഴ്ച ഉദാരതയോടെ നിങ്ങൾ പങ്കുവയ്ക്കുന്ന ദിവസമാകട്ടെ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന പ്രർത്ഥനയോടെ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എന്ന്,

✠ **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

(ഈ ഇടയലേഖനം മാർച്ച് മാസം 13-ാം തീയതി ഞായറാഴ്ച വായിച്ച് ഓശാന ഞായറാഴ്ച സാമ്പത്തിക സമാഹരണം നടത്തി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽനിന്നും എത്തുന്ന വോളന്റി യേഴ്സിനെ ഏൽപ്പിക്കണം)



തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ
നിയുക്ത സഹായ മെത്രാൻ
മോൺ. ക്രിസ്തുദാസ് ആർ. ന്
രൂപതാ കുടുംബത്തിന്റെ

**ആശംസകൾ**



## അവാർഡ് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ



ശ്രീമതി ഷേർളി കെ.സി.



ശ്രീ. പി.ജെ. ജോസഫ്



ശ്രീമതി ത്രേസ്യാമ്മ കെ.റ്റി.



ശ്രീമതി റോസമ്മ ജോസഫ്



ശ്രീ. ബിനോയി ജോസഫ്



കേരള ലേബർ മൂവ്മെന്റ്
സംസ്ഥാന ജനറൽ സെക്രട്ടറിയായി
തിരഞ്ഞെടുക്കപ്പെട്ട
ശ്രീ.ജോർജ്ജ് അമ്പഴത്തിന്
അഭിനന്ദനങ്ങൾ !

# രൂപതക്കച്ചേരി

**C. 19/16 ആണ്ട് തിരട്ട്**

മാർച്ച് 31-ന് സാമ്പത്തികവർഷം അവസാനിക്കുന്നു. ഈ വർഷത്തെ കണക്കുകൾ 2016 മാർച്ച് മാസത്തിൽ പൂർത്തിയാക്കി മെയ് 30-ാം തീയതിക്കകം രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം രൂപതാ കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിതഫോറത്തിൽ രേഖപ്പെടുത്തി കച്ചേരിയിൽ ഏൽപ്പിക്കുമല്ലോ.

**C. 20/16 വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റുസ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് ഇനിയും നൽകാനുള്ളവർ എത്രയും വേഗം അതാതു ഫൊറോനാ വികാരിന്മാരെ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**C. 21/16 Presbyteral Council**

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 30st March (Wednesday) 2016 at Bishop's House, Karimpan.

Time: 10.30 am - 2.00 pm

**C. 22/16 Monthly Recollection for Priests**

മാർച്ച് മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 10, 11 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.



**C. 23/16 വൈദികർക്കായുള്ള സ്റ്റഡി ഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2016 ഏപ്രിൽ 25, 26 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| അടിമാലി | : ഏപ്രിൽ 25 (തിങ്കൾ) |
| വെള്ളയാംകുടി | : ഏപ്രിൽ 26 (ചൊവ്വ) |
| സമയം | : 10.00 am - 4.00 pm |

**C. 24/16 Suspension**

*CCEO*, canon1453, §1 stipulates: "A cleric who lives in […] an external sin against chastity causing scandal is to be punished with a suspension […]". After due enquiry, as I am convinced of the serious violation of the above said canon by Rev. Fr. James Chakkankal, he is being suspended from exercising priestly as well as pastoral functions in accordance with the power of Orders and power of governance, i.e., from the preaching of the Word of God, celebration of the Divine Eucharist either in public or private, and the administration of other sacraments and sacramental including the prayer with Eucharistic exposition, conducting para-liturgical services, other devotions, etc. (See *CCEO*, c. 1432, §1) with effect from 12-02-2016.

Bishop

**C. 25/16 തിരുനാൾ ആശംസകൾ**

റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ
റവ. ഫാ. ജോസ് ചിറ്റടിയിൽ
റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ
റവ. ഫാ. ജോസ് കരിവേലിക്കൽ
റവ. ഫാ. ജോസഫ് കാവുങ്കൽ

റവ. ഫാ. ജോസ് കളപ്പുര
റവ. ഫാ. ജോസഫ് കട്ടക്കയം
റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ
റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ
റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ
റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ
റവ. ഫാ. ജോസ് കുന്നുംപുറം
റവ. ഫാ. ജോസ് മാറാട്ടിൽ
റവ. ഫാ. ജോസ് നരിതൂക്കിൽ
റവ. ഫാ. ജോസഫ് പാലത്തിങ്കൽ
റവ. ഫാ. ജോസഫ് പാപ്പാടി
റവ. ഫാ. ജോസഫ് പാറയ്ക്കൽ
റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr)
റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr)
റവ. ഫാ. ജോസഫ് പൈമ്പള്ളിൽ
റവ. ഫാ. ജോസ് പ്ലാച്ചിക്കൽ
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Sr)
റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Jr)
റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ
റവ. ഫാ. ജോസഫ് തച്ചുകുന്നേൽ
റവ. ഫാ. ജോസഫ് തേനമ്മാക്കൽ
റവ. ഫാ. ജോസഫ് വാഴയിൽ
റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ
റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ
റവ. ഫാ. ജോസഫ് പൗവ്വത്ത്
റവ. ഫാ. ജോസഫ് വടകര
റവ. ഫാ. ജോസഫ് മേനംമൂട്ടിൽ
റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ
റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ
റവ. ഫാ. ജോസഫ് കോയിക്കൽ
റവ. ഫാ. ജോസഫ് നടുപ്പടവിൽ



റവ. ഫാ. ജോസഫ് തൊട്ടിയിൽ
റവ. ഫാ. ജോസഫ് പാലക്കുടിയിൽ
റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ
റവ. ഫാ. ജോസഫ് ചുനയംമാക്കൽ
റവ. ഫാ. ജോസഫ് തോമസ് കുഴിയംപ്ലാവിൽ
റവ. ഫാ. ജോസഫ് തോമസ് അഴിമുഖത്ത്
റവ. ഫാ. ജോസഫ് തോമസ് പുതിയാപറമ്പിൽ

## മൈനർ സെമിനാരി

### MS. 2/16 ദൈവവിളി ക്യാമ്പ്

2016-2017 അദ്ധ്യയനവർഷത്തേക്കുള്ള പുതിയ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് ഒരുക്കമായി ഈ വർഷം 10-12 ക്ലാസ്സുകളിൽ പരീക്ഷയെഴുതുന്നവരും ഡിഗ്രി പഠനം പൂർത്തിയാക്കിയവരുമായ ആൺകുട്ടികൾക്കു വേണ്ടി നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഒരു ദൈവവിളി ക്യമ്പ് നടത്തുകയാണ്. 2016 മാർച്ച് 31 വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് ഏപ്രിൽ 02 ശനിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്ന ഈ ക്യാമ്പിലേക്ക് സൽസ്വഭാവികളും, പഠന പാഠ്യേതരവിഷയങ്ങളിൽ മികവ് പുലർത്തുന്നവരും വൈദീക ജീവിതത്തോട് ആഭിമുഖ്യമുള്ളവരുമായ നല്ല കുട്ടികളെ പറഞ്ഞയക്കാൻ ബഹു. വികാരിയച്ചൻമാർ ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ മൈനർ സെമിനാരിയിൽ പ്രവേശനം ലഭിക്കുന്നതിന് നിർബന്ധമായും ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്.

റെക്ടർ

### MS. 3/16 ക്രിസ്റ്റീൻ ധ്യാനം

**"കൗദാശിക ജീവിതത്തിലൂടെ ക്രിസ്തുവിലേക്ക്"**

5-12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇടുക്കി രൂപതാ ദൈവശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഏപ്രിൽ,

മെയ് മാസങ്ങളിൽ ഇടവകകളിൽ ത്രിദിനധ്യാനം സംഘടിപ്പിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും സ്നേഹപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ധ്യാനം നടത്തുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

റവ. ഫാ. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ - 9495769146

ബ്ര. ജോയ്സ് കൊച്ചീത്തറ - 9497352643

### MS. 4/16 മ്ശംമ്ശാന, ഹെവ്പ്പദ്യാക്കോന, കാറോയ പട്ടങ്ങളുടെ സ്വീകരണം

മാർച്ച് 19-ാം തീയതി രാവിലെ 9.30-ന് ഇടുക്കി രൂപതാ കത്തീഡ്രൽ ദൈവാലയത്തിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾ മ്ശംമ്ശാന, ഹെവ്പ്പദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്നു. ഈ വൈദികവിദ്യാർത്ഥികളെ നമ്മുടെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

## ക്രിസ്തുജ്യോതി

### CJ. 18/16 വാർഷിക റിപ്പോർട്ട്

സുവിശേഷോത്സവ് ക്ലാസുകൾ കഴിഞ്ഞ് ഉടനെതന്നെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഏപ്രിൽ 20 ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുമല്ലോ. അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

### CJ. 19/16 ടീച്ചേഴ്സ് ക്വിസ്

ഇടവക തലത്തിൽ നടത്തുന്ന ടീച്ചേഴ്സ് ക്വിസിൽ അല്മായ വിഭാഗത്തിലും സന്യസ്ത വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിച്ചവരുടെ പേരും മാർക്കും ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കുമല്ലോ.



### CJ. 20/16 മതാദ്ധ്യാപകർക്കുള്ള അവാർഡ്

മതാദ്ധ്യാപകർക്കുള്ള അവാർഡിനുള്ള അപേക്ഷ മാർച്ച് 30 ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം. (വിശദവിവരങ്ങൾക്കു ഫെബ്രുവരി ലക്കം സഹ്യനാദം നോക്കുക.) അതിനു ശേഷം വരുന്ന അപേക്ഷകൾ പരിഗണിക്കുകയില്ല.

### CJ. 21/16 ലോഗോസ് ക്വിസ് 2016

പഠനഭാഗം : സംഖ്യ 11-21, സുഭാഷിതങ്ങൾ 10-20, യോഹ. 13-21, വെളിപാട് 1-3

### CJ. 22/16 വാർഷിക പരീക്ഷ

വാർഷിക പരീക്ഷ ഏപ്രിൽ 9 -ാം തീയതി ശനിയാഴ്ചയാണ് നടത്തുക. 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തിലെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബാക്കി ക്ലാസുകളിലെ കുട്ടികൾക്ക് സെക്കൻഡ് ടേമിൽ പഠിക്കേണ്ട ഭാഗത്തുനിന്നു മാത്രമെ ചോദ്യങ്ങൾ ഉണ്ടാവുകയുള്ളു.

**പരീക്ഷയുടെ സമയം :**

1 മുതൽ 9 വരെയും 11 ഉം ക്ലാസുകളിലെ കുട്ടികൾക്ക് ഏപ്രിൽ 9-ാം തീയതി 9.00 am മുതൽ 11.00 am വരെയും, 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് 11.00 am മുതൽ 1.00 pm വരെയും ആയിരിക്കും പരീക്ഷകൾ നടത്തുക. രൂപതയിൽ നിന്നും നിർദ്ദേശിച്ചിരിക്കുന്ന സമയത്തുമാത്രമേ പരീക്ഷ നടത്താവു. ചോദ്യപേപ്പറുകൾ ഏപ്രിൽ 7-ാം തിയതി മുതൽ വിതരണ കേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റാവുന്നതാണ്. വിതരണകേന്ദ്രങ്ങൾ ചുരുളി, അടിമാലി ആത്മജ്യോതി, രാജാക്കാട്, കുഞ്ചിത്തണ്ണി, ചെമ്മണ്ണാർ, നെടുംങ്കണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്പ് ഹൗസ് എന്നിവയാണ്. പരീക്ഷയ്ക്കുശേഷം 10, 12 ക്ലാസുകളിലെ ഉത്തരപേപ്പറുകൾ ഏപ്രിൽ 12 നു മുമ്പായി ബി ഫോമിനോടൊപ്പം അതാതു വിതരണകേന്ദ്രങ്ങളിലോ ക്രിസ്തുജോതി ഓഫീസിലോ എത്തിക്കേണ്ടതാണ്.

## CJ. 23/16 സ്കോളർഷിപ്പ് പരിക്ഷ

നമ്മുടെ രൂപതയിലെ 10 ഫൊറോന കേന്ദ്രങ്ങളും മുരിക്കാശ്ശേരി, തോപ്രാംകുടി, മാങ്കുളം എന്നിവയും പരീക്ഷാ കേന്ദ്രങ്ങളായിരിക്കും. പാഠപുസ്തകത്തിൽ നിന്നും 65% ചോദ്യങ്ങളും പൊതുവിജ്ഞാനം 35% ചോദ്യങ്ങളുമായിരിക്കും ഉണ്ടാവുക. പെതുവിജ്ഞാന ചോദ്യങ്ങൾ 4 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാർഗ്ഗദീപം Vol. 2 പുസ്തകത്തിൽനിന്നും ആദ്യത്തെ 11 അദ്ധ്യായങ്ങളും കൂദാശകൾ എന്ന 13-ാം അദ്ധ്യായവും ആയിരിക്കും. 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് Vol. 2 മുഴുവൻ അദ്ധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**പരീക്ഷ സമയം :**

ഏപ്രിൽ 10 ന് 12.00 Noon മുതൽ 1.30 pm വരെ ആയിരിക്കും. പരീക്ഷ സമയം കൃത്യമായി പാലിക്കേണ്ടതാണ്.

## CJ. 24/16 ട്രോഫികൾ

കഴിഞ്ഞ അദ്ധ്യയനവർഷം സമ്മാനമായി ലഭിച്ച ട്രോഫികൾ ക്രിസ്തുജ്യോതി ഓഫീസിൽ ഉടനെ എത്തിക്കുമല്ലോ.

# CORPORATE EDUCATIONAL AGENCY

## Edn. 7/16 രൂപതാ അവാർഡുകൾ

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയിലെ 2015-2016 വർഷത്തെ അദ്ധ്യാപക അനദ്ധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു. ഹയർ സെക്കൻഡറി വിഭാഗത്തിൽ മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപിക ശ്രീമതി ഷേർളി കെ.സി., ഹൈസ്കൂൾ വിഭാഗത്തിൽ ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി.ജെ ജോസഫ്, യൂ.പി. വിഭാഗത്തിൽ വെള്ളയാംകുടി സെന്റ് ജെറോംസ് യൂ.പി. സ്കൂൾ അദ്ധ്യാപിക ശ്രീമതി ത്രേസ്യാമ്മ കെ.റ്റി., എൽ.പി. വിഭാഗത്തിൽ



ചെമ്പകപ്പാറ സെന്റ് പീറ്റേഴ്സ് എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റോസമ്മ ജോസഫ്, അനദ്ധ്യാപക വിഭാഗത്തിൽ മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ലാബ് അസിസ്റ്റൻഡ് ശ്രീ. ബിനോയി ജോസഫ് എന്നിവർക്കാണ് ഈ വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡുകൾ ലഭിച്ചിരിക്കുന്നത്.

## Edn. 8/16 സ്കൂൾ മാഗസിൻ മത്സരഫലം

### HIGHER SECONDERY SCHOOL SECTION

| | |
|---|---|
| 1st പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക് | Erattayar STHSS |
| 2nd മരത്തിൽ നിന്ന് മണ്ണിലേയ്ക്ക് | Vellayamkudy SJHSS |
| 3rd ഈഷിക | Murickassery SMHSS |

### HIGH SCHOOL SECTION

| | |
|---|---|
| 1st മയൂഖം | Erattayar STHSS |
| 2nd നിർതരണി | Vellayamkudy SJHSS |
| 3rd പാദമുദ്ര | Vazhavara SMHSS |

### U.P. SECTION

| | |
|---|---|
| 1st ഓളങ്ങൾ | Nedumkandam SSUPS |
| 2nd കരകാസാരം | Erattayar STHSS |
| 3rd മലർവാടി | Vazhathoppe SGUPS |

### L.P. SECTION

| | |
|---|---|
| 1st മഷിച്ചെപ്പ് | Kallarkutty SJLPS |
| 2nd നവാരവം | Thankamany STLPS |
| 3rd മയൂഖം | Josgiri SJUPS |

## Edn. 9/16 അപേക്ഷകൾ ക്ഷണിക്കുന്നു

നമ്മുടെ വിദ്യാഭ്യാസ ഏജൻസിയുടെ സ്കൂളുകളിൽ അദ്ധ്യാപകനിയമനത്തിന് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. T.T.C, UPSA, Sewing Physical Education, Drawing, Music, Arabic, Sanskrit, Hindi HSA - എന്നീ തസ്തികകളിലേയ്ക്കുള്ള അപേക്ഷകളാണ് സ്വീകരിക്കുന്നത്. താല്പര്യമുള്ളവർ ഏപ്രിൽ 15

ന് മുമ്പു രൂപതാ ഓഫീസിൽ നിശ്ചിത ഫോറത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## Edn. 10/16 യാത്രയയപ്പ് അവാർഡുവിതരണം

ഈ വർഷം സർവീസിൽനിന്നും വിരമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ യാത്രയയപ്പും മികച്ച പ്രവർത്തനങ്ങൾ നടത്തിയ സ്കൂളുകൾക്കുള്ള അവാർഡ് വിതരണവും 2016 മാർച്ച് 18 വെള്ളിയാഴ്ച രാജമുടി ക്രിസ്തുരാജ് പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടക്കുന്നതാണ്. വിരമിക്കുന്ന എല്ലാ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുവാൻ പ്രഥമാദ്ധ്യാപകർ ഓർമ്മിപ്പിക്കുമല്ലോ. സ്കോളർഷിപ്പ് മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങളും അന്നു വിതരണം ചെയ്യുന്നതാണ് സമ്മാനർഹരായ കുട്ടികളെയും മീറ്റിംഗിലേക്ക് പറഞ്ഞു വിടുവാൻ ശ്രദ്ധിക്കണെ. ഈ മീറ്റിംഗിൽ എല്ലാ പ്രഥമാദ്ധ്യാപകരും സ്റ്റാഫ് സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണ്.

## Edn. 11/16 QUIZ COMPETTION TEACHER

1. Sr. Deepa Rose SD LPSA SMLPS, Murickassery
2. Sr. Merly Sabastion FCC HSA SJHSS Vellayamkudy
3. Smt. Jincy Joseph HSA SGHS Parathode

**HIGHER SECONDARY SECTION**

1. Jicky Chacko SGHSSS Vazhathope
2. Sona Maria Mathew SXHSS Chemmannar
3. Arya K.K SXHSS Chemmannar

**HIGH SCHOOL SECTION**

1. Anu Thomas STHSS Erattayar
2. Anju K.K SXHSS Chemmannar
3. Anoushika Maria Sunny SMHSS Murickassery

**UP SECTION**

1. Jesiln Thomas SJUPS Vazhathope
2. Besty Stella Sabu SXHSS Chemmannar
3. Maria Abraham SXHSS Chemmannar



**STORY TELLING**

1. Soniya Madathany SJUPS Bethel
2. Alby Jins SMUPS Udayagiri
3. Feona Rose aby SJUPS Pandipara

**DEBATE COMPETION**

1. Gigi Abraham & Jose Emmanuel SGHSS Vazhathope
2. Celine Michale & Mathukutty K.M STHSS Thankamany
3. Sabastian Mathew & Anjumol Augustine STHSS Erattyar

**ESSAY COMPETTIONS**

**TEACHERS**

1. Celine Michale HS a STHSS Thankamany
2. Sr. Merly Sebastion FCC HSA SJHSS Vellayamkudy
3. Mathewkutty K.M STHSS Thankamany

**HSS**

1. Jothis Abraham STHSS Erattyar
2. Arya K.K SXHSS Chemmannar
3. Ann Maria Thankachan SJHSS Vellayamkudy

**HS**

1. Amala Rose Augustine SGHSS Vazhathope
2. Anitta Joseph SMHSS Vazhavara
3. Emil Abraham STHSS Erattyar

**UP**

1. Joel Sebastion SJUPS Kattappana
2. Amala Siby SGHS Parathode
3. Akhila Siby SJUPS Pandippara

## Edn. 12/16 ട്രോഫികൾ തിരിച്ചേല്പിക്കുക

കഴിഞ്ഞവർഷം വിവിധ അവാർഡുകളായി കിട്ടിയിട്ടുള്ള Ever Rolling Trophy-കൾ ഏറ്റവും അടുത്ത ദിവസങ്ങളിൽ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

# സോഷ്യൽ സർവ്വീസ്

**SS 15/16 ഗുഡ് സമരിറ്റൻ മീറ്റ്**

ഇടുക്കി രൂപതാതിർത്തിയിലുള്ള കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നവരുടെ സംഗമം (ഗുഡ് സമരിറ്റൻ) ഫെബ്രുവരി 3 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ നടന്നു. ഇടുക്കി രൂപതാ സാമൂഹ്യ ക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും ആരാധനാ സന്യാസിനീ സമൂഹം ഇടുക്കി ജയ്മാതാ പ്രോവിൻസും സംയുക്തമായി നടത്തിയ ഈ പരിപാടി ബിഷപ്സ് ഹൗസിൽ രാവിലെ 10 മണിക്ക് ആരംഭിച്ചു. കാരുണ്യവർഷം പ്രമാണിച്ച്നടന്ന ഈ പരിപാടിയിൽ കാരുണ്യ പ്രവർത്തകരുടെ ഒത്തുചേരലും പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഭാവി പരിപാടികളുടെ ആസൂത്രണവും നടന്നു. വികാരി ജനറാൾ മോൺ.ജയിംസ് മംഗലശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഇടുക്കി രൂപതാ അദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റെജി പന്തലാനി, രൂപതാ ചാൻസിലർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ, രൂപതാ പ്രൊക്യുറേറ്റർ റവ. ഡോ. ജോർജ്ജ് കുഴിപ്പിള്ളിൽ, എഡ്യുക്കേഷണൽ സെക്രട്ടറി റവ. ഫാ. ജോസ് കരിവേലിക്കൽ, എസ്.എ.ബി.എസ്. അസി. പ്രൊവിൻഷ്യാൾ സി. ലീമാ റോസ് എന്നിവർ പങ്കെടുത്തു. ഫ്രാൻസീസ് മാർപ്പാപ്പയുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്കുള്ള ദർശനങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നടന്നു. സി. ആൽബി എസ്.എ.ബി.എസ്., സി. റെസ്സി എസ്.എച്ച്., സിബി മാളിയേക്കൽ, എബിൻ കുറുന്താനത്ത്എന്നിവർ നേതൃത്വം നൽകി.

**SS 16/16 മുത്തിയുരുണ്ടയാർ കാർഷികമേള**

പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കാർഷിക മേഖലയ്ക്ക് പ്രോത്സാഹനമായി മുത്തിയുരുണ്ടയാർ സെന്റ് തോമസ് ഇടവക



കെ.സി.വൈ.എം. യൂണിറ്റിന്റെയുംക്രെഡിറ്റ് യൂണിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കാർഷികമേള സംഘടിപ്പിച്ചു. മുത്തിയുരുണ്ടയാർ പള്ളി മുറ്റത്ത് പ്രത്യേകം തയ്യാറാക്കിയ സ്റ്റോളിലായിരുന്നു കാർഷികവിള പ്രദർശനവും മത്സരവും നടന്നത്. ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. മേള ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി സി.വി. സുനിത സംസാരിച്ചു. ആശംസകളർപ്പിച്ച് ക്രെഡിറ്റ് യൂണിയൻ ആനിമേറ്ററും മരിയാപുരം പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീമതി ഡോളി ജോസ്, വാർഡ് മെമ്പർ ശ്രീമതി സെലിൻ മാനുവൽ എന്നിവർ സംസാരിച്ചു. മേളയുടെ ഭാഗമായി ഏർപ്പെടുത്തിയ കർഷക ഉത്തമ അവാർഡിന് ശ്രീ. ജോസ് തെക്കേക്കുറ്റും കർഷകശ്രീ അവാർഡിന് ശ്രീ. അലോഷ്യസ് തുളിശ്ശേരിലും അർഹരായി. കെ.സി.വൈ.എം. പ്രസിഡന്റ് മാത്തുക്കുട്ടി തച്ചിലേടത്ത്, ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റ് ജോയി കീരമ്പനാൽ, ബ്രദർ തോമസ് ഉറുമ്പിൽ എന്നിവർ മേളക്ക് നേതൃത്വം നൽകി.

**SS 17/16 ധനസഹായ വിതരണം**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ്ക്ലബ് ലീഡേഴ്സ് മീറ്റിംഗ് 27-01-2016 ൽ എച്ച്.ഡി.എസ് ഓഫീസിൽ വച്ച് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തി. 20 ഫാർമേഴ്സ് ക്ലബ്ബുകളുടെ പ്രതിനിധികൾ പങ്കെടുത്ത മീറ്റിംഗിൽ വച്ച് നബാർഡ് ഫാർമേഴ്സ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി നല്കുന്ന ഫണ്ടുകളുടെ വിതരണവും നടന്നു. 11 ക്ലബ്ബിനായി 70500 രൂപയുടെ ചെക്കുകൾ വിതരണം ചെയ്തു.

**SS 18/16 ഹരിത സമൃദ്ധി പദ്ധതിചെക്ക് വിതരണം**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മറയൂർ ആദിവാസി മേഖലയിൽ നടത്തിവരുന്ന '**ഹരിത സമൃദ്ധി**' പദ്ധതിയുടെ ഭാഗമായി 9 കുടികളിൽ പച്ചക്കറി കൃഷികൾക്കായി 67500 രൂപയും 5 ഏക്കർ സ്ഥലത്ത് കുറുമ്പുല്ല് കൃഷി ചെയ്യുന്നതിനായി

16250 രൂപയും, പണിക്കൂലിയായി 120000 രൂപയും ഫെബ്രുവരി 6-ാം തിയതി മറയൂർ കൂടയ്ക്കാട്ടുകുടിയിൽ വച്ച് നടന്ന പദ്ധതി ഗുണഭോക്താക്കളുടെ യോഗത്തിൽ എച്ച്.ഡി.എസ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ വിതരണം ചെയ്തു.

## SS 19/16 സ്പെഡ് III പ്രോഗ്രാം അവലോകനം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ നെടുംകണ്ടത്ത് നടപ്പാക്കിവരുന്ന സ്പെഡ് III പ്രോഗ്രാമിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രോജക്ട് പ്രവർത്തനങ്ങൾ വിലയിരുത്തലും കണക്കുകളുടെ ഓഡിറ്റിംഗും ഫെബ്രുവരി 10, 11 തീയതികളിലായി നടന്നു. സ്പെഡ് III റീജണൽ പ്രോഗ്രം ഓഫീസർ ശ്രീ. ജോബി എം. ജോസ് നേതൃത്വം നൽകി.

## SS 20/16 കോഴിക്കുഞ്ഞ് വിതരണം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ ഇനങ്ങളിൽ പെട്ട1190 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കാന്തിപ്പാറ, രാജാക്കാട്, മരിയാപുരം, തങ്കമണി തുടങ്ങിയ ക്രെഡിറ്റ് യൂണിയനുകളിലായി വിതരണം നടത്തി.

## SS 21/16 വാട്ടർ ടാങ്ക് വിതരണം

എച്ച്.ഡി.എസിൽ നിന്നും ഗുണമേന്മയുള്ള വാട്ടർ ടാങ്കുകൾ ജനങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാഴവര, തങ്കമണി എന്നീ ക്രെഡിറ്റ് യൂണിയനുകളിൽ വിതരണം ചെയ്തു.

## SS 22/16 ഹരിത സമൃദ്ധി പദ്ധതി വിലയിരുത്തൽ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മറയൂർ ആദിവാസി മേഖലയിൽ നടത്തിവരുന്ന '**ഹരിത സമൃദ്ധി**' പദ്ധതിയുടെ ഇവാലുവേഷൻ ഫെബ്രുവരി 9-ാം തിയതി നടന്നു. നബാർഡ് റീജണൽ ഓഫീസർ ശ്രീ. പ്രീതം, നബാർഡ് ഡി.ഡി.എം. ശ്രീ. അശോക് കുമാർ നായർ തുടങ്ങിയവർ നേതൃത്വം നൽകി.



പ്രോജക്ട് ഏരിയായിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകളും റിക്കോഡുകളും പരിശോധിക്കുകയും ചെയ്തു.

## SS 23/16 ലീഡേഴ്സ് മീറ്റ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ ഇടുക്കിയിൽ നടപ്പിലാക്കുന്ന ആശാകിരണം ക്യാൻസർ പദ്ധതിയുടെ ഭാഗമായി എച്ച്.ഡി.എസ്. ആശാകിരണം വോളണ്ടിയേഴ്സിനും എസ്.എച്ച്.ജി. യൂണിറ്റ് ലീഡേഴ്സിനും IDRT അംഗങ്ങൾക്കുമായിക്യാൻസർ ബോധവൽക്കരണ ശില്പശാല കരിമ്പൻ സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് ഫെബ്രുവരി 16-ാം തിയതി നടത്തി. 125 അംഗങ്ങൾ പങ്കെടുത്ത ശില്പശാലയിൽ കാരിത്താസ് ഇൻഡ്യ സോണൽ മാനേജർ ഡോ. വി.ആർ. ഹരിദാസ്, പ്രോജക്ട് കോഡിനേറ്റർ ശ്രീമതി സിബി പൗലോസ്, എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.കൺവീനർ ശ്രീ. ജോമോൻ കിഴക്കേക്കര, ശ്രീ. ബിനീഷ് കോട്ടൂർ, ശ്രീമതി കുഞ്ഞമ്മ തോമസ്, സി. ആൽബി എസ്.എ.ബി.എസ്. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. അന്നേദിവസം IDRT യിലെ അംഗങ്ങളായ 16 പേർക്ക് റെഡ് ക്രോസിന്റെ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തു.

## SS 24/16 സോളാർ വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന സ്പെഡ് III പ്രോഗ്രാമിൽ അംഗങ്ങളായ 10 വിധവകൾക്ക് സബ്സിഡി നിരക്കിൽ സോളാർ റാന്തൽ വിളക്കുകൾ വിതരണം ചെയ്തു.

## SS 25/16 സെൻട്രൽ കമ്മറ്റി

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മറ്റി ഫെബ്രുവരി 6-ാം തിയതി എച്ച്.ഡി.എസ്. ഓഫീസിൽ വച്ച് പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

എച്ച്.ഡി.എസിന്റെ വിവിധ പദ്ധതികൾ വിശദീകരിക്കുകയും ക്രെഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### SS 26/16 ആശാരിക്കവല നീർത്തട പദ്ധതി

ആശാരിക്കവല നീർത്തട പദ്ധതിയുടെ മൂന്നാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 5 കുടുംബങ്ങൾക്ക് 20,000/- രൂപ വീതം ടാങ്കുകൾ നിർമ്മിക്കുന്നതിനും 3 കുടുംബങ്ങൾക്ക് 13000 രൂപ വീതം കിണർ പുനരുദ്ധാരണം ചെയ്യുന്നതിനും നൽകി. 10 കുടുംബങ്ങൾക്കായി 1 ലക്ഷം രൂപ ഉപയോഗിച്ച് കുളം നിർമ്മിച്ച് പൈപ്പ് കണക്ഷൻ നൽകി.

### SS 27/16 ബാലാവകാശ ശില്പശാല

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി, കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് നടപ്പിലാക്കുന്ന ചൈൽഡ് റൈറ്റ് പ്രോജക്ടിന്റെ ഭാഗമായി കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു ശില്പശാല ഫെബ്രുവരി 19-ാം തിയതി എച്ച്.ഡി.എസ്. ഓഫീസിൽ വച്ച് നടത്തി. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജെയിംസ് മംഗലശ്ശേരിൽ, എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീ. വി.എ. ഷംനാദ്, റവ. ഡോ. ജോബി പൂവത്തുങ്കൽ, റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ, ഫാ. മാത്യു അരയത്തിനാൽ, ജില്ലാ ജൂവനൈൽ ജസ്റ്റീസ് ബോർഡ് മെമ്പർ റവ. സി. ജാൻസീന സി.എം.സി., ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീ. ജോമറ്റ് ജോർജ്ജ്, ചൈൽഡ് ലൈൻ ഡിസ്ട്രിക്ട് കോഡിനേറ്റർ പഞ്ചായത്ത് മെമ്പർമാർ, സ്കൂൾ കൗൺസിലേഴ്സ്, അംഗൻ വാടി വർക്കേഴ്സ്, എച്ച്.ഡി.എസ്. സ്റ്റാഫ് അംഗങ്ങൾ, ആനിമേറ്റേഴ്സ് തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.



## തിരുബാലസഖ്യം

### HC 5/16 അഭിനന്ദനങ്ങൾ

തിരുബാലസഖ്യദിനം ഭംഗിയാക്കാൻ യത്നിച്ച എല്ലാ വികാരിയച്ചൻമാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും എല്ലാ അഭിനന്ദനങ്ങളും.

### HC 6/16 പരിശീലന പരിപാടി

ആദ്യകുർബാന സ്വീകരണത്തിനൊരുക്കമായി കുട്ടികളെ പരിശീലിപ്പിക്കുന്ന സിസ്റ്റേഴ്സിനുള്ള ഒരുദിവസത്തെ പരിശീലന പരിപാടി ഏപ്രിൽ മാസം 1-ാം തിയതി രാവിലെ 10 മണിക്ക് വാഴത്തോപ്പിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകയിൽ നിന്നും 2 പേരെങ്കിലും പങ്കെടുക്കാൻ ശ്രമിക്കുമല്ലോ.

### HC 7/16 വാർഷിക റിഷോർട്ട്

തിരുബാലസഖ്യത്തിന്റെ 2015 - 2016 ലെ വാർഷിക റിപ്പോർട്ട് ആദ്യകുർബാനയുടെ ട്രെയിനിംഗിനു വരുന്ന സിസ്റ്റേഴ്സിന്റെ കൈകളിൽ കൊടുത്തു വിടാൻ ആനിമേറ്റർ സിസ്റ്റർമാർ ശ്രദ്ധിക്കണം.

### HC 8/16 വി. ഫൗസ്റ്റീനയുടെ ചിത്രകഥ

കരുണയുടെ വർഷത്തോടനുബന്ധിച്ച് വി. ഫൗസ്റ്റീനാമ്മയുടെ ചിത്രകഥ ആവശ്യമുള്ളവർ തിരുബാലസഖ്യ ഓഫീസിൽ പേരും എണ്ണവും അറിയിക്കണം.

### HC 9/16 എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കുള്ള എയ്ഞ്ചൽസ് മീറ്റ് മെയ് മാസം 14-ാം തീയതി ആയിരിക്കും. അതിനുമുൻപായി ആദ്യകുർബാന സ്വീകരണങ്ങൾ നടത്തുവാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

# ചെറുപുഷ്പ മിഷൻലീഗ്

**CML 7/16 കൈയ്യെഴുത്ത് മാസിക മത്സരം**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2016 ഏപ്രിൽ മാസം 2-ാം തീയതി ശനിയാഴ്ച രൂപതയിലെ 5 സെന്ററുകളിൽ കൈയ്യെഴുത്ത് മാസിക മത്സരം നടത്തുന്നു ശാഖകളിൽ നിന്ന് കുട്ടികളെ പങ്കെടുപ്പിക്കുമല്ലോ.

**CML 8/16 ജോയിന്റ് ഡയറക്ടേഴ്സ് മീറ്റും സമർപ്പിത സംഗമവും**

CML ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ വാഴത്തോപ്പ് സെന്റ് ജോർജ്ജ് എച്ച്.എസ്.എസി ൽ വച്ച് ജനുവരി 26-ാം തീയതി നടത്തിയ മീറ്റിംഗിൽ 65-ഓളം ശാഖകളിൽ നിന്ന് ബഹുമാനപ്പെട്ട മോഡറേറ്റർ സിസ്റ്റേഴ്സ് പങ്കെടുത്തു. ജോയിന്റ് ഡയറക്ടേഴ്സ് മീറ്റും സമർപ്പിത സംഗമവും ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ.ജെയിംസ് മംഗലശേരിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ, റവ. ഫാ. ജോർജ്ജ് പെരുമാലിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പ്രഫ. ജിനോ പെരുംതോട്ടം ക്ലാസ് നയിച്ചു. രൂപത ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സെക്രട്ടറി ജെമി മൈലാടിയിൽ, ബിനോയി കടവനാൽ, സി. ദീപാ റോസ് എസ്.ഡി. എന്നിവർ നേതൃത്വം നൽകി.

**CML 9/16 ക്രിസ്റ്റീൻ ധ്യാനം**

8 - 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി 2016 മാർച്ച് 31 വ്യാഴാഴ്ച വൈകിട്ട് 5.00 മണി മുതൽ ഏപ്രിൽ 3 ഞായർ 1.00 pm വരെ പടമുഖം സ്നേഹമന്ദിരത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളികളിൽ അറിയിക്കുകയും കുട്ടികളെ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുകയും ചെയ്യണമെ. രജിസ്ട്രേഷൻ ഫീസ് 450 രൂപ.



# കെ.സി.എസ്.എൽ.

**KCSL 9/16 ആനിമേറ്റേഴ്സ് സംഗമവും അദ്ധ്യാപക, ബെസ്റ്റ് സ്കൂൾ അവാർഡ് വിതരണവും**

ഇടുക്കി രൂപതയിലെ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സിന്റെ സംഗമം 2016 മാർച്ച് 18 വെള്ളിയാഴ്ച രാജമുടി ക്രിസ്തുരാജ് ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത യോഗത്തിൽ 2015-2016 അദ്ധ്യായന വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സിൽ നിന്നുള്ള മികച്ച അദ്ധ്യാപക അവാർഡ് നൽകുകയും ബെസ്റ്റ് സ്കൂളുകൾക്ക് ട്രോഫികൾ നൽകുകയും ചെയ്യുന്നു.

**KCSL 10/16 സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് - 2016**

കെ.സി.എസ്.എൽ.-ന്റെ സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പ് 2016 ഏപ്രിൽ 18 മുതൽ 21 വരെ കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ കൊട്ടിയം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യൂ.പി., ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി ക്യാമ്പുകൾ ഒരേ തീയതികളിൽ തന്നെയാണ് നടത്തപ്പെടുന്നത്.

**KCSL 11/16 കുടിശ്ശിക**

2015-16 അദ്ധ്യയനവർഷത്തിലെ കെ.സി.എസ്.എൽ. -ന്റെ അംഗത്വഫീസ്, കൂപ്പൺ, മെഗാക്വിസ് തുടങ്ങിയവയുടെ കുടിശ്ശിക ഉള്ള സ്കൂളുകൾ അവ എത്രയും പെട്ടെന്ന് രൂപതയിലെ ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**KCSL 12/16 ആശംസകൾ**

വാർഷിക പരീക്ഷക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ കൂട്ടുകാർക്കും പ്രത്യേകിച്ച് 10 ലെയും +2 വിലെയും കൂട്ടുകാർക്ക് കെ.സി.എസ്.എൽ. കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

## KCSL 13/16 ക്രിസ്റ്റീൻ ധ്യാനം

കെ.സി.എസ്.എൽ. ഇടുക്കി രൂപതയും ജീസസ് യൂത്ത് ഇടുക്കി സോണും ചേർന്ന് ഹൈസ്ക്കുൾ, ഹയർസെക്കണ്ടറി കുട്ടികൾക്കായി (8-12) മുരിക്കാശ്ശേരി സ്നേഹമന്ദിരം ധ്യാനകേന്ദ്ര ത്തിൽ വച്ച് ജീവിത വിശുദ്ധീകരണത്തിനായുള്ള ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. ഏപ്രിൽ 27 ബുധനാഴ്ച വൈകിട്ട് 5 മണിക്കാരംഭിച്ച് മെയ് 1 ഞായറാഴ്ച രാവിലെ 8 മണിക്ക് ധ്യാനം അവസാനിക്കും. പങ്കെടുക്കാൻ ആഗ്രഹമുള്ളവർ പേരുകൾ മുൻകൂട്ടി കെ.സി.എസ്. എൽ. ന്റെ രൂപതയിലെ ഓഫീസിലോ സ്നേഹമന്ദിരം ധ്യാനകേന്ദ്ര ത്തിലോ ബുക്ക് ചെയ്യേണ്ടതാണ്. ഒരു കുട്ടിക്ക് 450 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്.

കെ.സി.എസ്.എൽ. ഓഫീസ് -9447190747
സ്നേഹമന്ദിരം, പടമുഖം പി.ഒ., ഇടുക്കി, 04868 263460

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 1/16 കെയ്റോസ് (യുവജന ധ്യാനം)

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ഏപ്രിൽ 17 ശനിയാഴ്ച വൈകുന്നേരം 5 മണിമുതൽ ഏപ്രിൽ 21 വ്യാഴാഴ്ച രാവിലെ 8 മണിവരെ യുവജനങ്ങൾക്കായി സ്നേഹമന്ദിരം ധ്യാനകേന്ദ്രത്തിൽവച്ച് കെയ്റോസ്, യുവജനധ്യാനം സംഘടിപ്പി ക്കുന്നു. യുവജനങ്ങളെ പങ്കെടിപ്പിക്കുവാനാഗ്രഹമുള്ളവർ ഫാ. ജെയിംസ് മാക്കിയിലുമായോ സ്നേഹമന്ദിരം ധ്യാനകേന്ദ്രവുമായോ ബന്ധപ്പെടുക. ഒരാൾക്ക് 450 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്.
സ്നേഹമന്ദിരം, പടമുഖം പി.ഒ., ഇടുക്കി, 04868 263460



# കെ.സി.വൈ.എം.

## KCYM 11/16 പീഡാസഹനയാത്ര

2016 മാർച്ച് 12-ാം തീയതി ശനിയാഴ്ച കെ.സി.വൈ.എം. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ എഴുകുംവയൽ കുരിശുമല യിലേക്ക് പീഡാസഹനയാത്ര നടത്തുവാൻ ആഗ്രഹിക്കുന്നു. ലോകം ക്രിസ്തുവിന്റെ പീഡാസഹനങ്ങൾ അനുസ്മരിക്കുന്ന ഈ നോമ്പു കാലത്ത് നടത്തുന്ന പരിഹാര പ്രദിക്ഷണത്തിലേക്ക് അച്ചന്റെ ഇടവ യിലെ യുവജനങ്ങളേയും പ്രതീക്ഷിക്കുന്നു. ശനിയാഴ്ച രാവിടെ 10 മണിക്ക് എഴുകുംവയൽ ടൗൺ കപ്പേളയിൽ നിന്ന് ആരംഭിക്കുന്ന പീഡാസഹനയാത്ര കുരിശുമലയിലെത്തി വചന സന്ദേശത്തോടു കൂടെ അവസാനിക്കും. ജീവിത കുരിശിന്റെ ഭാരം വഹിച്ച് മുന്നേറാനാ വാത്തവിധം തളർന്നവരെ സഹായിക്കുന്ന പീഡാസഹനയാത്രയി ലേക്ക് അച്ചന്റെ ഇടവകയിൽ നിന്നും സാധിക്കുന്നിടത്തോളം യുവ ജനങ്ങളെ പങ്കെടുപ്പിക്കുവാനും അച്ചന്റെ സജീവസാന്നിധ്യവും സഹ കരണവും പ്രതീക്ഷിക്കുന്നു.

## KCYM 12/16 എഫ്ഫാത്ത 2016

2016 ഫെബ്രുവരി 12, 13, 14 തീയതികളിൽ (വെള്ളി, ശനി, ഞായർ) കെ.സി.വൈ.എം. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ മുരിക്കാശ്ശേരി പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് കെ.സി.വൈ.എം. ഇടുക്കി രൂപതാ 13-ാ മത് വാർഷിക കൗൺസിലും 2016 പ്രവർത്തന വർഷത്തെ രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും, നേതൃത്വ പരിശീലനക്യാമ്പും എഫ്ഫാത്ത 2016 എന്ന പേരിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. സിജോ ഇലന്തൂർ കൗൺസിൽ ഉദ്ഘാ ടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. സാബു കുന്നുംപുറം അദ്ധ്യ ക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ ഡയറക്ടർ ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ ആമുഖ പ്രഭാഷണം നടത്തി. മോൺ. ജയിംസ് മംഗ ലശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. കൗൺസിലിന് ആശംസകൾ

നേർന്നുകൊണ്ട് രൂപതാ ആനിമേറ്റർ സി. ടെസിൻ എഫ്.സി.സി., ബ്ര. ബെന്നറ്റ്, ഫാ. കൊല്ലപ്പള്ളിൽ, ബ്ര. നിവിൻ എന്നിവർ സംസാരിച്ചു. കോതമംഗലം രൂപതാ മുൻ കെ.സി.വൈ.എം. പ്രസിഡന്റായ ശ്രീ. ജയ്സൺ അറയ്ക്കൽ സെമിനാർ നയിച്ചു.

വാർഷിക കൗൺസിലിൽ പങ്കെടുക്കുവാനായി യൂണിറ്റ് ഭാരവാഹികളെ പറഞ്ഞയച്ച ബഹുമാനപ്പെട്ട വൈദികർക്ക് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

### KCYM 13/16 രൂപതാ ഭാരവാഹികൾ

13-ാ മത് വാർഷിക കൗൺസിൽ 2016-ലേയ്ക്കുള്ള രൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റായി മേരിലാന്റ് ഇടവകാംഗമായ സാബു കുന്നുംപുറവും വൈസ് പ്രസിഡന്റുമാരായി ജോമോൾ മൂങ്ങാംമാക്കൽ (കിളിയാർകണ്ടം) ആൽബിൻ വരചോലയ്ക്കൽ (വാഴത്തോപ്പ്) ജനറൽ സെക്രട്ടറിയായി ജോയൽ പി. ജോസ് (നാരകക്കാനം) സെക്രട്ടറിയായി അൽഫോൺസാ തെക്കെക്കാപ്പിൽ (കരിക്കിൻതോളം) ബിസ്റ്റോ ചെന്നപ്പള്ളിൽ (കഞ്ഞികുഴി) ട്രഷററായി ആൽബിൻ ആൻഡ്രൂസ് (രാജകുമാരി) കമ്മറ്റി അംഗങ്ങളായി അരുൺ മംഗലത്തിൽ (എല്ലക്കല്ല്) ബിബിൻ പന്തപ്ലാക്കൽ (ഇരട്ടയാർ) എലിസബത്ത് ജോസഫ് (പണിക്കൻകുടി) ജയ്മോൾ മാത്യു (ശാന്തിഗ്രാം) ബ്ലസൻ ബേബി (കരിമ്പൻ) സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായി സിജോ ഇലന്തൂർ (ഇരട്ടയാർ) സോണിയ അക്കൂറ്റ് സെനറ്റ് അംഗങ്ങളായി മീനു ജോയി (നാരകക്കാനം) ജിതിൻ ജോയി (ലോവർ കുളമാവ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

### KCYM 14/16 സ്വാഗതം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പുതിയ സമിതി അംഗങ്ങൾക്ക് രൂപതാ കെ.സി.വൈ.എം. കുടുംബത്തിലേക്ക് സ്വാഗതം. പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

### KCYM 15/16 നന്ദി

കെ.സി.വൈ.എം. രൂപതാ സമിതിക്കുവേണ്ടി സ്തുത്യർഹമായ സേവനം ചെയ്ത ടെസ്സ് മരിയ ചാക്കോ, എബിൻ കാഞ്ഞിരം



ത്തറപ്പേൽ, ധന്യ എമ്പ്രായിൽ എന്നിവർക്ക് രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും നന്ദിയും.

### KCYM 16/16 ദിവ്യ കാരുണ്യ സന്നിധിയിൽ

കെ.സി.വൈ.എം ഇടുക്കി രൂപതാ ഭാരവാഹികൾ കരിമ്പൻ സെന്റ് മേരീസ് ഇടവകയിൽ ഒരുമിച്ചുകൂടി ദിവ്യകാരുണ്യ ആരാധനയും രൂപതാ കമ്മറ്റിയും നടത്തി.

## മദ്യവിരുദ്ധസമിതി

### MVS 8/16 ഗാന്ധിജി രക്തസാക്ഷിത്വ അനുസ്മരണവും മദ്യവിരുദ്ധ ഉപവാസവും

മുൻ തീരുമാനപ്രകാരം ഇന്ത്യയുടെ രാഷ്ട്രപിതാവും , ലഹരിവിമുക്ത ഭാരതം എന്ന സങ്കല്പം ഹൃദയത്തിൽ സൂക്ഷിച്ച ആദർശധീരനായ മഹാത്മഗാന്ധിയുടെ 68-ാം രക്തസാക്ഷിത്വദിനം ഇരട്ടയാർ ജംഗ്ഷനിൽ 30-01-2016 ശനിയാഴ്ച 10.00 am മുതൽ 4.00 pm വരെ നടത്തപ്പെട്ടു. ഇരട്ടയാർ സെന്റ് തോമസ് ഫെറോന വികാരി റവ. ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം മുഖ്യ രക്ഷാധികാരിയായിരുന്നു. ഇടുക്കി രൂപതാ മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ്ജ് സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അനുസ്മരണ ഉപവാസ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഡോക്ടർ വിൻസെന്റ് മാളിയേക്കൽ മദ്യനിരോധന സമിതി ഇടുക്കി ജില്ലാ പ്രസിഡന്റ് മുഖ്യ സന്ദേശം നൽകി. ശ്രീ. വി.എസ്. ഷംസുദീൻ ഗാന്ധിജി അനുസ്മരണ സന്ദേശം നൽകി. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാക്കൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോയി മണ്ണംപറമ്പിൽ പ്രോഗ്രാം ജനറൽ കൺവീനർ ആയിരുന്നു.

ഇരട്ടയാറ്റിലെ പ്രമുഖ മൊത്ത വിൽപ്പന വ്യാപാരിയും ലഹരി വിരുദ്ധ ചിന്താഗതിക്കാരനുമായ ശ്രീ. സി.കെ. മണി മദ്യവിരുദ്ധ ഉപ

വാസത്തിലും ഗാന്ധിയൻ അനുസ്മരണത്തിലും പങ്കാളിയായി ആശംസകൾ അർപ്പിച്ചു. മദ്യവിരുദ്ധ പോരാട്ട, ബോധവൽക്കരണ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പ്രതിനിധിയായി കുമാരി ജാസ്മിൻ ജോർജ്ജ് കട്ടക്കാല (M.S.W, M.Phil) പ്രസംഗിച്ചു. സമ്മേളനത്തിന് ഇരട്ടയാറ്റിലെ വാഹന ഡ്രൈവർമാർ ആശംസകൾ അർപ്പിച്ചുകൊണ്ട്, ബോർഡ് സ്ഥാപിച്ച് തങ്ങളുടെ പിൻതുണ അറിയിച്ചു. രൂപതാ ആനിമേറ്റർ സി. ലിജാ എസ്.ഡി. യോഗത്തിന് നന്ദി പറഞ്ഞ്

**MVS 9/16 ജനപ്രതിനിധികളുടെ പങ്കാളിത്തം**

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആനിയമ്മ ജോസഫ്, വൈസ് പ്രസിഡന്റ് ശ്രീ. റെജി ഇലിപ്പുലിക്കാട്ട്, ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. ജോസുകുട്ടി കണ്ണമുണ്ടയിൽ തുടങ്ങിയ ജനപ്രതിനിധികളുടെ മുഴുവൻ സമയസാന്നിധ്യം ഇടുക്കി രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്നതായിരുന്നു. ഇക്കാര്യം രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സന്തോഷത്തോടുകൂടി സൂചിപ്പിക്കുകയും ചെയ്തു.

## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 7/16 വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| 2016 മാർച്ച് | 14 തിങ്കൾ - 16 ബുധൻ | |
| 2016 മാർച്ച് | 28 തിങ്കൾ - 30 ബുധൻ | |
| 2016 ഏപ്രിൽ | 11 തിങ്കൾ - 13 ബുധൻ | |
| 2016 ഏപ്രിൽ | 25 തിങ്കൾ - 27 ബുധൻ | |



## മാതൃവേദി

**MV 5/16 അഭിനന്ദനങ്ങളും അനുമോദനങ്ങളും**

ഇടുക്കി രൂപതയിൽനിന്നു സംസ്ഥാന മാതൃവേദിയുടെ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി മേരി സെബാസ്റ്റ്യനും, സെനറ്റ് മെമ്പേഴ്സിനും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**MV 7/16 ഏകദിന കൺവെൻഷൻ**

മാർച്ച് 05 ന് - വാഴത്തോപ്പ് മേഖല
മാർച്ച് 12 ന് - കുഞ്ചിത്തണ്ണി മേഖല

## പ്രാർത്ഥനാ ഗ്രൂപ്പ്

**PG 10/16 രോഗീദിനം**

കാരുണ്യവർഷത്തോടനുബന്ധിച്ച് തീർത്ഥാടന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്ന രോഗീദിനം രാജകുമാരി ദൈവമാതാ ദൈവാലയത്തിൽ നടത്തപ്പെട്ടു. രാജാക്കാട് സബ്സോണിലെ വിവിധ ഇടവകകളിൽ നിന്നായി നാനൂറോളം വ്യക്തികൾ സംബന്ധിച്ചു. പാലാ രൂപതയിൽ നിന്നുള്ള ഫാ. തോമസ് മണ്ണൂർ, രവി തോമസ് എന്നിവർ ക്ലാസ്സുകളും ശുശ്രൂഷകളും നയിച്ചു. ധാരാളം ദൈവാനുഗ്രഹങ്ങൾ ചൊരിയപ്പെട്ട ശുശ്രൂഷകൾക്ക് രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് നിരവത്ത്, ഫാ. മാത്യു തറമുട്ടം, ഫാ. സെബാൻ മേലേട്ട്, കോ-ഓർഡിനേറ്റർ പാപ്പച്ചൻ പശുത്തൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി.

**PG 11/16 പതിമൂന്ന് മണിക്കൂർ ആരാധന**

കാരുണ്യവർഷത്തോടനുബന്ധിച്ച് വാഴത്തോപ്പ് കത്തീഡ്രലിൽ ഫെബ്രുവരി 20 ന് പതിമൂന്ന് മണിക്കൂർ അഖണ്ഡാരാധന നടത്തപ്പെട്ടു. രാവിലെ 6 ന് വിശുദ്ധ കുർബ്ബാനയോടെ ആരംഭിച്ച

ആരാധനയ്ക്ക് വാഴത്തോപ്പ്, തോപ്രാംകുടി സബ്സോണുകളിലെ വിവിധ ഇടവകകളിലെ പ്രാർത്ഥനാഗ്രൂപ്പുകൾ നേതൃത്വം നൽകി. വൈകിട്ട് ഫാ. ജെയിംസ് കക്കുഴി നയിച്ച വചനപ്രഘോഷണ ത്തിലും ആരാധനയിലും രണ്ടായിരത്തോളം ആളുകൾ പങ്കെടുത്തു. അന്നേദിവസത്തെ പരിപാടികൾക്ക് രൂപതാ ഡയറക്ടർ ഫാ. ജോർ ജ്ജ് നിരവത്ത്, ഫാ. ജോസ് ചെമ്മരപ്പള്ളിൽ, ഫാ. ജോസ് നരിതൂ ക്കിൽ, ഫാ. ടിനോ പാറക്കടവിൽ, ജേക്കബ് വെള്ളാക്കാട്ട് എന്നി വർ നേതൃത്വം നൽകി.

അടിമാലി, പാറത്തോട് സബ്സോണുകളുടെ നേതൃത്വത്തിൽ അടിമാലി സെ. ജൂഡ് തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് പതിമൂന്ന് മ ണി ആരാധന മാർച്ച് 5 ശനിയാഴ്ച നടത്തപ്പെടുന്നു. രാവിലെ വിശു ദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്ന ആരാധനയ്ക്ക് വിവിധ ഇടവ കകളിലെ പ്രാർത്ഥനാഗ്രൂപ്പുകൾ നേതൃത്വം നൽകും. വൈകുന്നേ രം നടക്കുന്ന വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും പാലാ രൂപ താംഗമായ രവി തോമസ് നേതൃത്വം നൽകും. ഫാ. തോമസ് ആനി ക്കുഴിക്കാട്ടിൽ, ഫാ. കുര്യാക്കോസ് ആറക്കാട്ട്, ഫാ. ജോസഫ് മാ വേലിക്കുന്നേൽ, ബിനോയി ചെറുനിലത്തുകുന്നേൽ, ബേബി എന്നി വരുടെ നേതൃത്വത്തിലാണ് പരിപാടികൾ നടക്കുന്നത്.

രാജാക്കാട് സബ്സോണിലെ രാജകുമാരി ദൈവമാതാ തീർ ത്ഥാടന കേന്ദ്രത്തിൽ പതിമൂന്ന് മണി ആരാധന മാർച്ച് 12 ശനിയാഴ് ച നടത്തപ്പെടുന്നു. രാവിലെ വിശുദ്ധ കുർബ്ബാനയോടെ ആരംഭി ക്കുന്ന ആരാധനയ്ക്ക് വിവിധ ഇടവകകളിലെ പ്രാർത്ഥനാഗ്രൂപ്പുകൾ നേതൃത്വം നൽകും. വൈകുന്നേരം നടക്കുന്ന വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും പാലാ രൂപതാംഗമായ സുനിൽ ജോൺ നേതൃത്വം നൽകും. ഫാ. ജോർജ്ജ് നിരവത്ത്, ഫാ. മാത്യു തറമുട്ടം, പാപ്പച്ചൻ പശുത്തോട്ടിയിൽ എന്നിവർ നേതൃത്വം നൽകും.

### PG 12/16 വചനപ്രഘോഷകരുടെ കൂട്ടായ്മ

ഇടുക്കി രൂപതയിലെ വചനപ്രഘോഷകരുടേയും കൗൺസി ലിങ്ങ് ശുശ്രൂഷ നടത്തുന്നവരുടേയും പരിശീലനം വാഴത്തോപ്പ് ക ത്തീഡ്രലിൽ നടന്നു. 50 പേർ സംബന്ധിച്ച് ഈ കൂട്ടായ്മയിൽ ആ



രാധനക്രമത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചത് വടവാതൂർ സെമിനാ രി പ്രൊഫസർ റവ. ഡോ. പോളി മണിയാട്ട് ആണ്.

## കുടുംബക്കൂട്ടായ്മ

### SCC 4/16 കൂമ്പൻപാറ ഫൊറോന ഭാരവാഹികൾ

കൂമ്പൻപാറ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ഭാരവാ ഹികളിൽ നിന്നും ഫൊറോനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ.

| | |
|---|---|
| പ്രസിഡന്റ് | : സണ്ണി ഇമ്മാനുവേൽ പൊൻതൊടിയിൽ കൂമ്പൻപാറ |
| വൈസ് പ്രസിഡന്റുമാർ | : ഡോമിനിക്ക് അരയാലുങ്കൽ മച്ചിപ്ലാവ് |
| | : മിനി ഷിജി കല്ലത്ത് 1000 ഏക്കർ |
| ജനറൽ സെക്രട്ടറി | : ജോർജ്ജ് തണ്ടിയേക്കുടി കൂമ്പൻപാറ |
| ജോ. സെക്രട്ടറിമാർ | : മാത്യു പുന്നത്താനത്ത് 1000 ഏക്കർ |
| | : ജയ്മോൾ ബിനോയി ചിറ്റയം മച്ചിപ്ലാവ് |
| ട്രഷർ | : ജോയി പൂങ്കുടിയിൽ മച്ചിപ്ലാവ് |

## കത്തോലിക്കാ കോൺഗ്രസ്

### AKCC 11/16 A.K.C.C. രൂപതാ കമ്മിറ്റി

18-2-2016 A.K.C.C. യുടെ രൂപതാ കമ്മറ്റി രൂപതാ കാര്യാലയ ത്തിൽ ശ്രീ. ജോർജ്ജ് കോയിക്കലിന്റെ നേതൃത്വത്തിൽ കൂടുകയു ണ്ടായി. രൂപതാ ശിൽപ്പശാല, മാർഗ്ഗരേഖ, കാരുണ്യവർഷാചരണ പരി പാടികൾ എന്നിവയെപ്പറ്റി ചർച്ചകൾ നടത്തി തീരുമാനമെടുത്തു. ശില്പശാല നടത്തിപ്പിനായി വിവിധ കമ്മറ്റികൾ രൂപികരിച്ചു. യോഗ ത്തിനു ശ്രീ. ചാക്കോ വരമ്പകത്ത് സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീ. ജോസഫ് ഒഴുകയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ

ശ്രീ. ജോസുകുട്ടി മാടപ്പള്ളി, കെ.സി.എഫ്. സംസ്ഥാന ട്രഷറർ ശ്രീ. ജോസുകുട്ടി ഒഴുകയിൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. രൂപതാ ട്രഷർ ശ്രീ. സണ്ണി ജോർജ്ജ് യോഗത്തിനു നന്ദിയർപ്പിച്ചു.

### AKCC 12/16 സംരംഭ സമുന്നതി കാർഷിക, ചെറുകിട വ്യവസായ വായ്പാ പദ്ധതി

കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ IDBI ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന താഴപറയുന്ന വായ്പ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ കേരളത്തിലെ മുന്നോക്ക സമുദായങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു

- സമുന്നതി - ഹ്രസ്വകാല കാർഷിക കാർഷിക അനുബന്ധ വായ്പ
- സമുന്നതി - സരൾ വ്യാപാർ വായ്പ
- സമുന്നതി - ഓട്ടോറിക്ഷ, ടാക്സി വായ്പ

അപേക്ഷ ഫോറത്തിനും വിശദവിവരങ്ങൾക്കും www.kswcfc.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## കേരള ലേബർ മൂവ്മെന്റ്

### KLM 9/16 കാരുണ്യ പ്രവർത്തകരെ ആദരിച്ചു

കരുണയുടെ വർഷാചരണത്തിന്റെ ഭാഗമായി കെ.എൽ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ കാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിക്കുന്നവരെ ആദരിച്ചു. പടമുഖം സ്നേഹമന്ദിരം ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ രൂപതാ പ്രസിഡന്റ് റവ. ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിച്ചു. റോഷി അഗസ്റ്റ്യൻ എം. എൽ.എ. ഉദ്ഘാടനം ചെയ്തു. കാരുണ്യ പ്രവർത്തനത്തിൽ മികച്ച പ്രവർത്തനം നടത്തുന്നവരെ രൂപതാ ചാൻസിലർ റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ ആദരിച്ചു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ജോയി ഗോതുരുത്ത് മുഖ്യ പ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം, സ്നേഹമന്ദിരം ഡയറക്ടർ വി.സി. രാജു,



അൽഫോൽസാ പാലിയേറ്റീവ് ഡയറക്ടർ ഡോ. സുഗുണ എഫ്.സി.സി., വാഴത്തോപ്പ് സ്വധർ ഹോം സെക്രട്ടറി ശ്രീമതി റോസക്കുട്ടി എബ്രാഹം, മുളകുവള്ളി ബോയിസ് ഹോം പ്രിൻസിപ്പാൾ സി. അനിത എസ്.എം.എസ്., ചെങ്കുളം ലിറ്റിൽ ഫ്ളവർ ഡയറക്ടർ മാത്യു മാനുവൽ, മച്ചിപ്ലാവ് കാർമൽ സ്കൂൾ പ്രിൻസിപ്പാൾ സി. ബിജി സി.എം.സി., സി. ഡാനിയ സി.എം.സി., കള്ളിമാലി കരുണാ ഭവൻ ഡയറക്ടർ ശ്രീമതി ട്രീസ തങ്കച്ചൻ, ഷൈനി രാജു എന്നിവർ സംസാരിച്ചു.

### KLM 10/16 കര-കടൽ-ആകാശ യാത്ര രണ്ടാം ട്രിപ്പ്

കേരള ലേബർ മൂവ്മെന്റ് ഒരുക്കുന്ന കര-കടൽ-ആകാശ യാത്രയുടെ ഒന്നാംഘട്ടം യാത്ര മാർച്ച് 16, 17 തീയതികളിൽ പുറപ്പെടും. 54 പേർ രജിസ്റ്റർ ചെയ്തു. രണ്ടാം ഘട്ട യാത്ര ഏപ്രിൽ 16, 17 തീയതികളിൽ നടത്തും. താല്പര്യമുള്ളവർ പേരുകൾ രജിസ്റ്റർ ചെയ്യാം: 9495125585.

### KLM 11/16 കെ.എൽ.എം. സംസ്ഥാന ജനറൽ സെക്രട്ടറി

ശ്രീ. ജോർജ്ജ് അമ്പഴം കെ.എൽ.എം. സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

### KLM 12/16 രൂപതാ ജനറൽ ബോഡിയോഗം

കെ.എൽ.എം. ഇടുക്കി രൂപതാ ജനറൽ ബോഡിയോഗവും, രൂപതാ സെക്രട്ടറി, വനിതാ ഫോറം, രൂപതാ പ്രസിഡന്റ് തുടങ്ങിയവരുടെ തിരഞ്ഞെടുപ്പും മാർച്ച് 12 ശനിയാഴ്ച 11 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ നടക്കും.

# ആത്മജ്യോതിയിലെ പരിപാടികൾ

**മാർച്ച് 2016**

| | |
|---|---|
| ഫെബ്രുവരി 28 - മാർച്ച് 04 | : എഫ്ഫാത്താ ധ്യാനം |
| 06 - 10 | : ക്യാൻസർ രോഗികൾക്കുള്ള ധ്യാനം |
| 12 | : മാർ സ്ലീവാ ദൈവശാസ്ത്രപഠനകേന്ദ്രം ബിരുദദാന സമ്മേളനം |
| 12 - 13 | : തിയോളജി കോഴ്സ് |
| 14 - 16 | : വിവാഹ ഒരുക്ക സെമിനാർ |
| 16 - 20 | : അടിമാലി ബൈബിൾ കൺവൻഷൻ |
| 20 - 24 | : എഫ്ഫാത്താ വളർച്ചാധ്യാനം |
| 28 - 30 | : വിവാഹ ഒരുക്ക സെമിനാർ |
| മാർച്ച് 30 - ഏപ്രിൽ 02 | : ലഹരിവിമോചന ക്യാമ്പ് |

# അറിയിപ്പുകൾ

## മാർ സ്ലീവ ഇൻസ്റ്റിറ്റ്യൂട്ട് തിയോളജിക്കൽ സ്റ്റഡീസ് ആത്മജ്യോതി, അടിമാലി

ഇടുക്കി രൂപതയിൽ, ആത്മജ്യോതി അടിമാലിയിൽ (Mar Sleeva Institute of Theological Studies) അത്മായർക്കുവേണ്ടിയുള്ള ദൈവശാസ്ത്രപഠന കോഴ്സ് നടന്നു വരുന്നു. 2013 ഡിസംബറിൽ ആത്മജ്യോതിയിൽ ആരംഭിച്ച ആദ്യബാച്ചിന്റെ ദ്വിവത്സര ഡിപ്ലോമ കോഴ്സ് പൂർത്തിയായി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി കോഴ്സ് പൂർത്തിയാക്കുന്ന 20 പേരാണുള്ളത്. ഇവരുടെ ബിരുദദാന ചടങ്ങ്, 2012 മാർച്ച് 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവാണ് ഇവർക്കുള്ള സർട്ടിഫിക്കറ്റുകൾ നല്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവർക്ക് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ.



**കോഴ്സ് പൂർത്തിയാക്കിയവർ**

1. ലിസ്‌വിൻ കടമ്പുകാട്ട്, അടിമാലി
2. കെ.സ്. ജോസഫ് കോഴികോട്ട്, അടിമാലി
3. ഷൈനി മാത്യുകുട്ടി കുളങ്ങര, അടിമാലി
4. സാജു ജോർജ്ജ് ആനന്ദശ്ശേരിൽ, ആയിരമേക്കർ
5. ജോളി ജോർജ്ജ് കുന്നേൽ, കൂമ്പൻപാറ
6. സുബിൻ തോമസ് തേവർപറമ്പിൽ, കൂമ്പൻപാറ
7. രതീഷ് തോമസ് പാറയിൽ, എല്ലക്കല്ല്
8. തങ്കച്ചൻ സി.എ. ചാലോരത്ത്, എല്ലക്കല്ല്
9. അഭിലാഷ് മാത്യു മണിയംകുന്നേൽ, എല്ലക്കല്ല്
10. ജോസഫ് എ.സി. അറത്തിൽ, കുഞ്ചിത്തണ്ണി
11. റജി ജെയിംസ് പെരുമ്പനാനിക്കൽ, കഞ്ചിത്തണ്ണി
12. ബേബി സേവ്യർ കൊച്ചുപറമ്പിൽ, എഴുംകുംവയൽ
13. എൽസി അലക്സ് കൊച്ചുപറമ്പിൽ, എഴുംകുംവയൽ
14. സി.പി. ഫിലിപ്പ് ചീരാംകുന്നേൽ, കൊച്ചുകാമാക്ഷി
15. റ്റോമി മാത്യൂ പാറതൊട്ടിയിൽ, കാന്തിപ്പാറ
16. ചാക്കോ റ്റി.സി. താലനോനിയ്ക്കൽ, മുരിക്കാശ്ശേരി
17. ജോമോൻ ജോർജ്ജ് കൊട്ടാരം, മുരിക്കാശ്ശേരി
18. സിബിച്ചൻ തോമസ് കാരക്കാട്ട്, പെരിഞ്ചാംകുട്ടി
19. ആൻസി ഡാർമ്മിച്ചൻ റാത്തപ്പിള്ളി, രാജക്കാട്
20. ബേബി കുര്യൻ മാളിയേക്കൽ, ബഥേൽ.

## 11-ാമത് അടിമാലി ബൈബിൾ കൺവൻഷൻ

അടിമാലി സെന്റ് ജൂഡ് ടൗൺപള്ളി 11-ാമത് ബൈബിൾ കൺവൻഷൻ 2016 മാർച്ച് 16 മുതൽ 20 വരെ തീയതികളിൽ നടത്തുന്നു. ഓരോ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് കൺവൻഷൻ. കൺവൻഷൻ ശുശ്രൂഷ നയിക്കുന്നത് സന്തോഷ് കരിമത്ര & ടീം, ഷെക്കയ്ന മിനിസ്ട്രീസ് തൃശൂർ. എവർക്കും സ്വാഗതം.

## ക്യാൻസർ രോഗികൾക്ക് ധ്യാനം

അടിമാലി ആത്മജ്യോതിയിലെ കാരുണ്യവർഷ ശുശ്രൂഷ കളുടെ ഭാഗമായി മാർച്ച് മാസം 6 മുതൽ 10 വരെ തീയതികളിൽ ക്യാൻസർ രോഗികൾക്കു മാത്രമായി ധ്യാനം നടത്തുന്നു. മാർച്ച് 6-ാം തി വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്ന ധ്യാനം 10-ാം തിയതി രാവിലെ 8 മണിക്ക് അവസാനിക്കും. രോഗിക്കും ഒരു സഹായിക്കും ഇതിൽ പങ്കെടുക്കാം. ഫീസ് ഈടാക്കുന്നതല്ല. കഴിവുള്ള സംഭാവനകൾ സ്വീകരിക്കും.








01 മുല്ലക്കാനം സാൻജോ കോളേജിന്റെ പുതിയതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

* കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് പൊട്ടൻകാട് പള്ളിയിൽ മാമ്മോദീസ നല്കി.

* കുത്തുപാറ പള്ളിയുടെ പുതിയതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു.

02 ചെമ്പകപ്പാറ LP സ്കൂളിന്റെ ഗോൾഡൻ ജൂബിലിയിൽ പങ്കെടുത്തു സന്ദേശം നൽകി.

03 NSS ന്റെ ആഭിമുഖ്യത്തിൽ ഇരട്ടയാറിൽ പുതിയതായി നിർമ്മിച്ച 7 ഭവനങ്ങളുടെ താക്കോൽദാനം നിർവഹിച്ചു.

04 കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായ മെത്രാൻ മാർ ജോസ് പുളിക്കലിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

05 മാങ്കുളത്ത് പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

06-07 വട്ടപ്പാറ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

10-11 ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ സെമിനാരി കമ്മീഷൻ സന്ദർശനം നടത്തി.

27-28 കുഞ്ചിത്തണ്ണി പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

29 തങ്കമണി LP സ്കൂളിന്റെ ജൂബിലിയിൽ പങ്കെടുത്തു സന്ദേശം നൽകി.




| | | |
|---|---|---|
| 01-09 | | - CBCI, Bangalore |
| 10 | 10.00 am | - മീറ്റിങ്, കോട്ടയം |
| 12 | 10.00 am | - ഉദ്ഘാടനം, അദ്ധ്യാപക പരിശീലനം, വാഴത്തോപ്പ് |
| 16 | 09.30 am | - ഹൈറേഞ്ച് കൺവൻഷൻ, അടിമാലി |
| 18 | 10.00 am | - റ്റീച്ചേഴ്സ് സെന്റ് ഓഫ്, രാജമുടി |
| 19 | 09.30 am | - Minor Ordination, കത്തീഡ്രൽ വാഴത്തോപ്പ് |
| | 05.00 pm | - സിമിത്തേരി വെഞ്ചരിപ്പ്, മുളകുവള്ളി |
| 20 | 07.00 am | - ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 24 | 07.00 am | - മൂറോൻ വെഞ്ചരിപ്പ് തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| * | 04.00 pm | - കാലുകഴുകൽ ശുശ്രൂഷ, കത്തീഡ്രൽ |
| 25 | 07.00 am | - ദുഃഖവെള്ളി തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 26 | 07.00 am | - വലിയ ശനിയാഴ്ച തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 27 | 03.00 am | - ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 30 | 10.00 am | - Presbiteral Council, Bishop's House, Karimpan. |



**Statement about ownership and other particulars about the magazine**

**SAHYANADHAM (MALAYALAM)**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | - | Karimpan |
| 2. Periodicity of its publication | - | Monthly |
| 3. Printer's Name | - | Rev. Fr. James Punnaplackal |
| Nationality | - | Indian |
| Address | - | Bishop's House<br>Karimpan, Manipara P.O.<br>Idukki - 685 602 |
| 4. Publisher's Name etc | - | As in 3 |
| 5. Editor's Name etc | - | As in 3 |
| 6. Name and address of individuals who own the newspaper & Partners or shareholders holding more than one percent of the total capital | - | Diocese of Idukki |

*I Fr. James Punnaplackal hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

**Fr. James Punnaplackal**

02-03-2016 (Publisher)